

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മുദാക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.12/2158/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 24/12/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുദാക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.12/2158/2025 തീയ്യതി: 24/12/2025

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും

നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ് കുമാർ ആർ	ഡെപ്യൂട്ടി ഡയറക്ടർ	21-10-2025	29-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-10-2025	29-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി. എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ എം. എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രശ്മി ആർ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരത് ജെ. ശങ്കർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പള്ളിയറ ശശി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി അനിലകുമാരി കെ. പി.	സെക്രട്ടറി	01-04-2024	31-05-2024
ശ്രീമതി നജീമ എ. എസ്.	സെക്രട്ടറി	01-06-2024	06-09-2024
ശ്രീമതി മായ ആർ. ആർ.	സെക്രട്ടറി	07-09-2024	22-09-2024
ശ്രീ. സുരേഷ് കുമാർ എസ്. എസ്.	സെക്രട്ടറി	23-09-2024	30-09-2024
ശ്രീമതി ബെറ്റി ജെ. ട്രീസ	സെക്രട്ടറി	01-10-2024	08-01-2025
ശ്രീ. സുരേഷ് കുമാർ എസ്. എസ്.	സെക്രട്ടറി	09-01-2025	12-01-2025
ശ്രീ. ചന്ദ്രബാബു എസ്. എസ്.	സെക്രട്ടറി	13-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി നജീമ എം	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	06-09-2024

ശ്രീമതി മായ ആർ. ആർ.	അസിസ്റ്റന്റ് സെക്രട്ടറി	06-09-2024	12-09-2024
ശ്രീ. സുരേഷ് എസ്. എസ്.	അസിസ്റ്റന്റ് സെക്രട്ടറി	13-09-2024	31-03-2025
ശ്രീമതി മേരി ഡിക്രൂസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ. മഹേഷ് എം. എസ്.	വി.ഇ.ഒ. ഗ്രേഡ് 1	01-04-2024	06-08-2024
ശ്രീ. ശ്രീജിത്ത് ആർ. എസ്.	വി.ഇ.ഒ. ഗ്രേഡ് 1	07-08-2024	31-03-2025
ശ്രീ. അഖിൽ ഷൈൻ എസ്. എസ്.	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2024	31-03-2025
ഡോ. വിഷ്ണു എസ്. രാജ്	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ജാസ്മി വൈ	അഗ്രികൾച്ചർ ഓഫീസർ	01-04-2024	12-12-2024
ശ്രീമതി ലീന എൻ	അഗ്രികൾച്ചർ ഓഫീസർ	12-12-2024	31-03-2025
ഡോ. അമൃത	വെറ്ററിനറി ഓഫീസർ	01-04-2024	15-11-2024
ഡോ. അശ്വിൻ രാജ്	വെറ്ററിനറി ഓഫീസർ	16-11-2024	31-03-2025
ഡോ. പ്രദീപ്	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.	01-04-2024	31-03-2025

ഡോ. വിനീത എൻ.	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-10-2024
ഡോ. ഹേമ ശേഖർ ജെ.	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-11-2024	31-03-2025
ശ്രീ ജയകുമാർ	ഹെഡ്മാസ്റ്റർ	01-04-2024	31-03-2025
ശ്രീമതി വസന്തരാദേവി എൽ. എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	17-08-2024
ശ്രീമതി ലാലി റ്റി. എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	18-08-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല	1-1-1
3	ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക ലഭ്യമാക്കിയിട്ടില്ല	1-1-2
4	പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല	1-1-3
5	പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ ഇല്ല	1-1-4
6	ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ്	1-1-5
7	Depreciation ഏത് ആസ്തിയുടേതെന്ന് വ്യക്തമല്ല	1-1-6
8	ബാങ്ക് റീക്കൺസീലിയേഷൻ സ്റ്റേറ്റ്മന്റ് തയ്യാറാക്കിയിട്ടില്ല	1-1-7
9	ബാധ്യതകൾ ക്രമീകരിച്ചിട്ടില്ല	1-1-8
10	വസ്തുനികുതി ഡിമാന്റിൽ കുറവ് ചെയ്തിരിക്കുന്നു	1-1-9
11	സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നില്ല	1-1-10
12	മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല	1-1-11
13	ഗ്രാന്റ് സ്റ്റേറ്റ്മന്റ്, ധനകാര്യ പത്രിക എന്നിവയിലെ ചെലവ് പൊരുത്തപ്പെടുന്നില്ല	1-1-12
14	കുടിശ്ശിക നികുതി വിവിധ പത്രികകളിലേത് പൊരുത്തപ്പെടുന്നില്ല	1-1-13
15	ബജറ്റ്	1-2
16	സാമ്പത്തിക നില	1-3
17	ഗ്രാന്റ് വിനിയോഗം	1-4

18	പദ്ധതി അവലോകനം	1-5
19	ക്ഷേമ പദ്ധതികൾ	1-6
20	ക്യാഷ് വെരിഫിക്കേഷൻ	1-7
21	ആഭ്യന്തര നിയന്ത്രണം	1-8
22	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-9
23	ജൽജീവൻ മിഷൻ അവലോകനം	1-10
24	വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല	1-11-1
25	കെ-സ്മാർട്ട് പോർട്ടിംഗ് - കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയയിൽ പൂർത്തീകരിച്ചിട്ടില്ല	1-11-2
26	കെട്ടിടങ്ങളുടെ കാലപ്പഴക്കം - നികുതി ഇളവ് നൽകിയതിൽ അപാകം	1-11-3
27	കെട്ടിട നികുതി നിർണ്ണയം - അപാകങ്ങൾ	1-11-4
28	പുതുക്കിയ നിരക്കിൽ വസ്തു നികുതി നിർണയിച്ചതിൽ അപാകം	1-11-5
29	ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ്	1-11-6
30	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിൽ അപാകം	1-11-7
31	വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - അപാകങ്ങൾ	1-11-8
32	പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഇളവ് നൽകിയതിൽ അപാകം	1-11-9
33	വേക്കൻസി റെമിഷൻ - അപാകങ്ങൾ	1-11-10
34	വസ്തു നികുതി - അപാകങ്ങൾ	1-11
35	ലൈസൻസ് എടുക്കാത്ത വ്യാപാര സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് ഒഴിവാക്കേണ്ടതാണ്.	1-12

36	വാടക കുടിശ്ശിക - റവന്യൂ റിക്കവറി തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്	1-13
37	ലേലം - കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്	1-14
38	പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല	1-15
39	ജനറൽ കമ്മിറ്റി യോഗ നടപടിക്രമങ്ങളുടെ മിനിട്സ് സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല	1-16
40	തൊഴിൽ നികുതി - അപാകങ്ങൾ	1-17
41	സ്നേഹസ്പർശം - അപാകങ്ങൾ	1-18
42	വിനിയോഗ രേഖകൾ ലഭ്യമല്ല – 2,19,999/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-19
43	ഭവന പുനരുദ്ധാരണം പട്ടിക ജാതി വിഭാഗം - വിവിധ അപാകങ്ങൾ	1-20
44	ഭവന പുനരുദ്ധാരണം ജനറൽ - വിവിധ അപാകങ്ങൾ	1-21
45	ന്യൂ ലൈഫ് ഭവന പദ്ധതി - സർക്കാർ വ്യവസ്ഥകൾ പാലിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം	1-22
46	ലൈഫ് ഭവന പദ്ധതി - അധികമായി നൽകിയ 20,000/- രൂപ നിരാകരിക്കുന്നു.	1-23
47	പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - ഗുണഭോക്തൃ തിരഞ്ഞെടുപ്പിൽ അപാകം	1-24
48	വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-25
49	ഫർണിച്ചർ വാങ്ങൽ - പ്രൊക്യൂർമെന്റ് നടപടികളിൽ അപാകം	1-26
50	ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (BRC)അവലോകനം	1-27
51	ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം - വിവിധ അപാകങ്ങൾ	1-28

52	അഗതി രഹിത കേരളം - പദ്ധതി പ്രകാരം കുടുംബശ്രിക്ക് അനുവദിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു - 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു	1-29
53	പി.എച്ച്.സിലേയ്ക്കും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായും മരുന്ന് ലഭ്യമായില്ല - 8,59,667/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-30
54	സബ്സെന്ററുകളുകളിൽ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ - ആദായ നികുതി ഈടാക്കിയിട്ടില്ല.	1-31
55	സബ്സെന്ററുകളുകളിൽ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾ - ജെം മുഖനേയുള്ള പ്രോക്യൂർമെന്റ് വ്യവസ്ഥകൾ പാലിച്ചിട്ടില്ല	1-32
56	ഉറവിട മാലിന്യ നശീകരണം - മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നില്ല.	1-33
57	ഹെൽത്ത് ഗ്രാന്റ് വിനിയോഗം	1-34
58	മൺചട്ടിയിലെ പച്ചക്കറി കൃഷി - സർക്കാർ ഉത്തരവുകൾ പാലിക്കാതെ വാങ്ങൽ നടത്തി	1-35
59	ഞങ്ങളും കൃഷിയിലേയ്ക്ക് സമഗ്ര കിഴങ്ങ് കൃഷി വികസനം - വാങ്ങൽ നടത്തിയതിലും ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിലും അപാകം	1-36
60	ഹരിത ഭവനം - പ്രവൃത്തി നടപ്പാക്കിയ ഏജൻസിയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല	1-37
61	സമഗ്ര വാഴ കൃഷി വികസനം - ആനുകൂല്യം വിതരണം ചെയ്തതിൽ അപാകം	1-38
62	പൂവനി പുഷ്പകൃഷി - കർഷക ഗ്രൂപ്പുകളെ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-39
63	കല്ലിടാന്തി- പാർപ്പിടം റോഡിന്റെ ശോചനീയാവസ്ഥ	1-40

64	വെറ്ററിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ജി.എസ്.ടി. ടി.ഡി.എസ് ഈടാക്കിയില്ല	1-41
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ലൈഫ് ഭവന പദ്ധതി - അധികമായി നൽകിയ 20,000/- രൂപ നിരാകരിക്കുന്നു	3-1
ഭാഗം 4		
1	മെഡിസെപ്പ്	4-1
2	സംയുക്തപ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ **2025 മാർച്ച് 31**-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാ ബാധ്യത സ്റ്റേറ്റ്മന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അ ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.07.2024 തീയതിയിൽ എയിംസിലൂടെ സ പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അ വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കു ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പി തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയ അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസ

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടി അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വി

വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായ് ഗ്രാമപഞ്ചായത്തിന്റെ **2024-25** വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ **31.03.2025**ൽ സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും **31.03.2025**ലെ സാമ്പത്തിക സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്ക കുറിപ്പുകൾ, ചട്ടം 62-2(എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷ പത്രികയ്ക്കാപ്പം സമർപ്പിച്ചിട്ടില്ല. പ്രസ്തുത അനുപാതങ്ങൾ സോഫ്റ്റ്വെയറിൽ ലഭ്യമാകാ ആയത് സമർപ്പിക്കാത്തത് എന്നാണ് എൻകെയറിക്ക് (നം. 23) മറുപടിയായി അറിയിച്ചിട്ടുള്ളത്.

1-1-2 ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ വരുമാനവും ചെലവുകളും ക്രമീകരിച്ച (പഞ്ചായത്ത് ഫണ്ട് നി ഷെഡ്യൂളിന്റെ വിശദമായ പത്രിക വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ബ ഐ.എൽ.ജി.എം.എസ്.-ൽ ലഭ്യമല്ലാത്തതിനാലാണ് വാർഷിക കണക്കിൽ ഉൾക്കൊള്ളിക്കാത അറിയിച്ചിട്ടുള്ളത്.

1-1-3 പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന് ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ച 25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹ ചേർക്കുന്നു.

ഹെഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയ

110100101	Property Tax On Residential Building	31.03.2025
110100102	Property Tax On Non Residential Building	
110200101	Profession Tax Institution	
110200105	Profession Tax Traders	

നിലവിൽ കൃത്യമായ ഡിമാന്റ് യഥാസമയം രേഖപ്പെടുത്തുന്നുണ്ടെന്നാണ് മറുപടി ലഭ്യമാക

1-1-4 പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷ

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻ ഷെഡ്യൂളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല (ഉദാ:- ഇന്ധന ചെലവ്, ജനപ്രതിന ഹോണറേറിയം). തൻവർഷം ആയതിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ട

1-1-5 ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ്

ചുവടെ ചേർക്കുന്ന അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ് കാണിക്കുന

SBI (38061842231)	09.08.24 മുതൽ 28.03.25 വരെ
Sub Treasury, Attingal	01.04.24 മുതൽ 26.03.25 വരെ
Canara Bank (110179938073)	31.05.24 മുതൽ 06.01.25 വരെ
Canara Bank (110043424519)	07.03.25 മുതൽ 09.03.25 വരെ
Canara Bank (110043423529)	07.03.25 മുതൽ 30.03.25 വരെ

നിലവിൽ യഥാസമയം വരവും ചെലവും രേഖപ്പെടുത്തുന്നുണ്ട് എന്നും ഭാവിയിൽ ക്രെ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

1-1-6 Depreciation ഏത് ആസ്തിയുടേതെന്ന് വ്യക്തമല്ല

ബാലൻസ് ഷീറ്റ് B-11(A) ഷെഡ്യൂളിൽ വിവിധ ഹെഡുകളിലായി ആസ്തികൾക്ക് Accumu രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ഹെഡുകളിലെ Depreciation ഏത് ഹെഡിലുൾപ്പെട്ട ആസ്തി വ്യക്തമല്ല. അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-1-7 ബാങ്ക് റീക്കൺസീലിയേഷൻ സ്റ്റേറ്റ്മന്റ് തയ്യാറാക്കിയിട്ടില്ല

ചുവടെ പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് റീക്കൺസീലിയേഷൻ സ്റ്റേറ്റ്മ തയ്യാറാക്കിയിട്ടില്ല.

I) Canara Bank (1045101017440).

Ii) DCB (826).

Iii) Sub Treasury, Attingal (A/C No.799012900000319 ; 799011400003135 ; 701061400000004 ; 799013100000608).

ഇത് സംബന്ധിച്ച എൻകപയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-8 ബാധ്യതകൾ ക്രമീകരിച്ചിട്ടില്ല

2023-24 വർഷത്തെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടു ചേർക്കുന്ന തുകകകൾ 2024-25 വർഷവും ക്രമീകരിച്ചിട്ടില്ല.

ഹെഡ് കോഡ്	ഇനം	
350200101	Recoveries Payable – General Provident Fund	
350200104	Recoveries Payable – Group Insurance Scheme	
350200108	Recoveries Payable – House Building Advance	
350200199	Recoveries Payable – Other Recoveries From Employees	
350200119	Recoveries Payable – Covid	
350200299	Recoveries Payable – Other Deductions	
350300199	Government And Other Dues Payable - Others	
350409901	Refunds Payable - Others	
350410399	Advance Collection Of Revenues – Other Fees	
350410401	Advance Collection Of Revenues – Rent From Buildings	

ആയവ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-1-9 വസ്തുനികുതി ഡിമാന്റിൽ കുറവ് ചെയ്തിരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റിലെ Prior Period Income – Property Tax എന്ന ഹെഡ് മു വസ്തുനികുതിയുടെ ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ആയത് സാധൂകരിക്കുന്ന രേഖ

ലഭ്യമാക്കിയിട്ടില്ല.

1-1-10 സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തു

KPR (അക്കൗണ്ട്സ്) ചട്ടങ്ങൾ 58(4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പ പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി ബാലൻസ് ഷീറ്റിലെ B-4 ഉൾപ്പെടുത്തിയിട്ടില്ല. ആയതിനുള്ള സൗകര്യം സോഫ്റ്റ് വെയറിൽ ലഭ്യമല്ല എന്നാണ് എൻ മറുപടി.

1-1-11 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

2023-24ലെ ബാലൻസ് ഷീറ്റ് പ്രകാരം ക്രമീകരിക്കാൻ അവശേഷിച്ചിരുന്ന ചുവടെ പറ തുകകൾ തൻവർഷത്തെ B-18 പ്രകാരവും ക്രമീകരിക്കപ്പെടാതെ ശേഷിക്കുന്നു.

ഹെഡ്	ഇനം	തു
460100199	Other Advances	
460500201	Advance To Implementing Agencies – Deposit With KWA	
460500202	Advance To Implementing Agencies – Deposit With KSEB	
460500204	Advance To Implementing Agencies – Deposit With GWD	
460500501	Advance To Implementing Officers	

പ്രസ്തുത മുൻകൂറുകൾ എന്താവശ്യത്തിന് വേണ്ടി നൽകിയിട്ടുള്ളവയാണ് എന്ന് വ്യക്തമ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് മുൻകൂറായി നൽകിയിരുന്ന രൂ.6,500/- തൻവർഷത്തെ B–18 രേഖപ്പെടുത്തി കാണുന്നില്ല. ആയത് ക്രമീകരിച്ചതായും രേഖയില്ല.

1-1-12 ഗ്രാന്റ് സ്റ്റേറ്റ്മന്റ്, ധനകാര്യ പത്രിക എന്നിവയിലെ ചെലവ് പൊരുത്തപ്പെടുന്നില്ല

ചുവടെ പറയുന്ന ഇനങ്ങളുടെ ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മന്റ്, ധനകാര്യ പത്രിക എ പൊരുത്തപ്പെടുന്നില്ല.

ഇനം	ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം ചെലവ്	AFS പ്രകാരം ചെല

CFC Tied	രൂ.63,08,076/-	രൂ.59,07,266/-
CFC - Untied	രൂ.36,95,000/-	രൂ.44,45,914/-
Maintenance Fund - NR	രൂ.63,81,804/-	രൂ.64,77,145/-

ഗ്രാന്റ് സ്റ്റേറ്റ്മന്റ് കൃത്യതയോടെ പരിശോധിച്ച് ധനകാര്യ പത്രിക തയ്യ
ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-1-13 കുടിശ്ശിക നികുതി വിവിധ പത്രികകളിലേത് പൊരുത്തപ്പെടുന്നില്ല

Property Tax On Residential Building, Non Residential Building എന്നിവയുടെ Arrear Demand ധനകാര്യ പ
സഞ്ചയ സോഫ്റ്റ്വെയറിലേതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഹെഡ്	ഇനം	AFS പ്രകാരം	സഞ്ചയ
431100102	Receivables For Property Tax On Residential Buildings (Arrears)	രൂ.1,19,659/-	രൂ.20
431100104	Receivables For Property Tax On Non Residential Buildings (Arrears)	രൂ.97,543/-	രൂ.48

പ്യൂരിഫിക്കേഷന്റെ ഭാഗമായി മുൻവർഷത്തെ ഡിമാന്റ് വർദ്ധിച്ചത് കൊണ്ടാണ് ധനകാര
തുക കൂടുതലായി വന്നിട്ടുള്ളത് എന്നാണ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടി.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച
ചേർക്കുന്നു.

	ബജറ്റ്	പുതുക്കിയ ബജറ്റ്
അംഗീകരിച്ച തീയതി	**08.02.24**	**20.02.25**
ഭരണസമിതി തീരുമാനം	**1(2)**	**1(1)**
മുന്നിരിപ്പ്	രൂ.1,60,39,204/-	രൂ.1,60,39,204/-
പ്രതീക്ഷിത വരവ്	രൂ.34,24,01,521/-	രൂ.24,25,70,897/-
ആകെ	രൂ.35,84,40,725/-	രൂ.25,86,10,101/-

പ്രതീക്ഷിത ചെലവ്	രൂ.33,78,02,076/-	രൂ.22,46,26,880/-
നീക്കിയിരിപ്പ്	രൂ.2,06,38,649/-	രൂ.3,39,83,221/-

1-3 സാമ്പത്തിക നില

മുന്നിരിപ്പ്	രൂ.3,79,24,885/-
വരവ്	രൂ.7,31,36,754/-
ആകെ	രൂ.11,10,61,639/-
ചെലവ്	രൂ.7,22,13,830/-
നീക്കിയിരിപ്പ്	രൂ.3,88,47,809/-

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്ക (
വികസനഫണ്ട് (ജനറൽ)	0	1,93,43,846	1,93,43,846	2,24,06,000	
വികസനഫണ്ട് (എസ്.സി.പി)	0	1,59,51,022	1,59,51,022	1,49,02,417	
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC – Tied)	0	1,24,73,856	1,24,73,856	63,08,076	
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC - Untied)	0	37,99,858	37,99,858	36,95,000	
മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം	0	64,90,000	64,90,000	63,81,804	
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	0	1,37,17,000	1,37,17,000	1,32,51,886	
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	0	20,63,229	
സംസ്ഥാനാവിഷ്കൃത ഫണ്ട്	0	0	0	8,70,000	

*സോഴ്സ് ഡിഡക്ഷൻ തുക വികസന ഫണ്ട് ജനറൽ ഇനത്തിൽ വരവായി ചേർത്തിട്ടില്ല.

*കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ മുന്നിരിപ്പ്, വരവ് എ സ്റ്റേറ്റ്മന്റിൽ ഉൾപ്പെട്ടിട്ടില്ല.

*ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) ഇനത്തിലെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ചേർത്തിട്ടി

1-5 പദ്ധതി അവലോകനം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉ
പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശ
ചേർക്കുന്നു.

എ))

ക്രമ നം.	നിർവ്വഹണം	അംഗീകാരം ലഭിച്ചത്	നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പദ്ധതി അടങ്കൽ (രൂ.)	പദ്ധതി ചെലവ് (രൂ.)
1	കൃഷി ഓഫീസർ	15	15	-	28,57,754	22,99,02
2	വെറ്ററിനറി സർജൻ	6	6	-	33,86,413	31,41,08
3	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	15	15	-	72,08,338	51,65,35
4	മെഡിക്കൽ ഓഫീസർ, ഹോമിയോ	3	2	1	2,50,000	37,85
5	മെഡിക്കൽ ഓഫീസർ, ആയുർവേദം	6	5	1	11,16,588	10,88,22
6	ഫിഷറീസ് ഓഫീസർ	1	-	1	80,000	
7	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	20	19	1	1,01,43,508	82,51,38
8	സെക്രട്ടറി	46	28	18	1,16,56,191	91,43,72
9	എച്ച്.എം., ഗവ. യു.പി.എസ്.	4	2	2	3,15,000	2,99,56
10	വി.ഇ.ഒ./എൽ.വി.ഇ.ഒ.	28	25	3	6,29,75,050	2,18,64,63
11	എ.ഇ., എൽ.എസ്.ജി.ഡി.	75	55	20	3,84,24,828	2,78,26,16
12	ഡയറി ഫാം ഇൻസ്ട്രക്ടർ	4	4	-	23,66,907	17,44,83
13	അസിസ്റ്റന്റ് സെക്രട്ടറി	17	13	4	87,11,010	47,89,75

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ തൻവർഷം തന്നെ നടപ്പാക്കാൻ കൂടുതൽ ശ്രദ്ധ ചെലുത്തേ

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക (രൂ.)	ചെലവ് തുക (രൂ.)	ശതമാന %
പൊതുവിഭാഗം (ജനറൽ)	2,52,64,516	2,24,06,000	89
എസ്.സി.പി.	2,14,82,429	1,49,02,417	69
ധനകാര്യ കമ്മീഷൻ അവാർഡ്	1,27,01,963	1,00,03,076	79
കേന്ദ്രാവിഷ്കൃത ഫണ്ട്	49,41,941	20,63,229	42
സംസ്ഥാനാവിഷ്കൃത ഫണ്ട്	70,94,363	8,70,000	12
തനത് ഫണ്ട്	1,65,70,929	83,50,943	50
ബ്ലോക്ക്പഞ്ചായത്ത്	57,02,319	34,94,631	61
ജില്ലാപഞ്ചായത്ത്	47,39,176	12,71,361	27
മെയിന്റനൻസ് - റോഡ്	1,61,23,621	1,32,51,886	82
മെയിന്റനൻസ് - റോഡിതരം	74,41,217	63,81,804	86
മറ്റുള്ളവ	2,57,97,835	22,47,050	9

1-6 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂ.)	ഗുണഭോക്താക്കളു എണ്ണം
കർഷക തൊഴിലാളി പെൻഷൻ	51,66,800	302
വിധവ പെൻഷൻ	3,15,49,600	2064
വാർദ്ധക്യകാല പെൻഷൻ	5,81,45,100	8093
വികലാംഗ പെൻഷൻ	79,20,400	491
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	8,10,600	54

1-7 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് 28.10.2025 തീയതിയിൽ 10.30 AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സ

നടത്തുകയുണ്ടായി. പരിശോധനയിൽ 3,044/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യ

1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിൽ പൊതുവേ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശരിയായ രീതിയിൽ വരുന്നുണ്ടെങ്കിലും ചില ന്യൂനതകളും കാണുന്നു. ഓഫീസ് ഉത്തരവ് മുഖേന ജോലി വ നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ, വൗച്ചറുകൾ, ഫയലുകൾ എന്നിവ സെക്ഷന്റെ ഉത്തരവാദിത്വമ നൽകിയിട്ടില്ല. ILGMS നിലവിൽ വന്ന ശേഷം P.R. സൂക്ഷിക്കുന്നില്ല. സോഫ്റ്റ്വെയറിൽ ഫയൽ ലഭിക്കുന്നത് കാരണം ILGMS സോഫ്റ്റ്വെയറിൽ ഫയൽ അപ്ഡേഷൻ കിട്ടുന്നു. ഫയൽ നോ എഴുതുന്നു. ജൂനിയർ സൂപ്രണ്ട് ഫയൽ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി സെക്രട്ടറിക്ക് സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർത്ത് ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നുണ മാസവും മീറ്റിംഗ് കൂടിയിട്ടില്ല. ഫയലുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ട ILGMS പ്രകാരം 230 ഫയലുകൾ തീർപ്പാക്കാനുണ്ട്.

ഇൻകുമ്പൻസി രജിസ്റ്റർ, പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയ വിവരം രേഖപ്പെടുത കാഷ്വൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്ക ഓഫീസ് ഡയറി സൂക്ഷിച്ച് വരുന്നു. ജനറൽ കമ്മിറ്റി മിനിട്സ് യഥാസമയം ക്ലോസ് ചെയ്ത് പരി ഗ്രാമസഭ നിശ്ചിത ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. 2024-25 വർഷം രണ്ട് ഗ്രാമസഭകൾ മാത്ര ചേർന്നിട്ടുള്ളത്. 1997ലെ കേ.പ.രാജ് ആക്ട് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനുള്ളിൽ പഞ്ചായത്തിന്റെ പ്രത്യേക യോഗം വ വിശദമായി ചർച്ച ചെയ്ത് റിപ്പോർട്ടിന്റെ പ്രസക്ത പരാമർശങ്ങളിൽ തീരുമാനം എടുത്തിട്ടില്ല. ഗ്ര എഴുതി സൂക്ഷിച്ചു വരുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടി പദ്ധതികൾ രൂപീകരിച്ച് വരുന്നുണ്ടെങ്കിലും നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജ സൂക്ഷിച്ച് വരുന്നു. ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളും ഉൾപ്പെടുത്തിയിട്ടില്ല.

വാഹന ഉപയോഗം സംബന്ധിച്ച് ലോഗ്ബുക്ക് പരിപാലിച്ച് വരുന്നു. ഓഡിറ്റ് റിപ്പോ സമയബന്ധിതമായി തീർപ്പ് കല്പിക്കാൻ നടപടി സ്വീകരിച്ച് കാണുന്നില്ല. പദ്ധതികളുടെ അവയുടെ സംഘാടനം, ലക്ഷ്യപ്രാപ്തി, ഉദ്ദേശ്യശുദ്ധി എന്നിവയിൽ കുറച്ച് കൂടി ശ്രദ്ധ പുലർ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ കൃത്യമായി വിലയിര വാർഡിലും മഴക്കെടുതി, വെള്ളക്കെട്ട്, പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാത്ത റോഡുകളുടെ അ പ്രകൃതി ദുരന്തങ്ങൾ മുഖേന ഉണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം എന്നിവ കൃത്യമായി ആയതിനനുസരിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഭരണസമിതി ശ്രദ്ധ

കൂടാതെ പദ്ധതികൾ നടപ്പാക്കുമ്പോൾ പ്രായോഗിക തലത്തിൽ ഉണ്ടാകുന്ന ഗുണദോഷങ്ങ എന്നിവ കൂടി കണക്കിലെടുത്ത് ആയതിനനുസരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് AFS പ്രകാരം (രൂ.)
ഭരണച്ചെലവ്	4,720	22,67,241	0	16,40,421	6,31,54(
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	5,09,62,651	5,09,62,651	5,09,62,651	(
ആകെ	4,720	5,32,29,892	5,09,62,651	5,26,03,072	6,31,54(

1-10 ജൽജീവൻ മിഷൻ അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024-ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ നടത്തിപ്പ് സംബന്ധിച്ച് 05.07.2021ലെ 533/2020/Dpo/തിരു./ജെ.ജെ.എം. നമ്പർ കുറിപ്പിൽ വ്യക്തമാക്കു കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാ

കേന്ദ്ര സംസ്ഥാന വിഹിതം	50:50
സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം	15%
ഗുണഭോക്തൃവിഹിതം	10%

മുദാക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥാപന വിഹിതമായി നാളിതുവരെ കൈമാറിയിട്ടില്ല. ഗുണഭോക്തൃവിഹിതമായി പഞ്ചായത്തിന് തുകയൊന്നും ലഭിക്കുകയും ചെയ്ത ഇത് സംബന്ധിച്ച ഓഡിറ്റ് എൻകവയറിക്ക് (നം. 3) മറുപടിയായി അറിയിച്ചിട്ടുള്ളത്. കിഫ്ബി ഫ

പഞ്ചായത്ത് പ്രദേശത്ത് പുതിയ പ്ലാന്റ് രൂപീകരിച്ച് പൈപ്പ് ലൈൻ കണക്ഷനു വേണ്ടി ടെണ്ട സ്വീകരിച്ചുവരികയാണെന്നും റോഡ് പൊട്ടിപ്പൊളിച്ച് പണി നടത്തിവരുന്നതിനാൽ മെയിന്റ നടപ്പാക്കാൻ കഴിയില്ല എന്നും അറിയിച്ചിട്ടുണ്ട്.

1-11-1 വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്യു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം വസ്തു നികു ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും പ്രസ്തുത ആക്ടിലെ 203-ാം വകുപ്പ് പ്രകാര പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണെന്ന്, 2011-ലെ കേരള പഞ്ചായത്ത് നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം (3)ൽ വ്യക്തമാക്കിയി സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ 1, 2 വാർഡുകളുടെ വിവരം മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്യുകയോ നികുതി പിരി ചെയ്തിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്.

ക്രമ നം.	വാർഡ് നം./കെട്ടിട നമ്പർ	ഉടമയുടെ പേര്	തറ വിസ്തീർണ്ണം	ഉപയോ
1	1/74	ചെല്ലപ്പൻ ചെട്ടിയാർ	താഴത്തെ നില (65ച മീ)	പാർപ്പി
2	1/239	അനിൽകുമാർ	താഴത്തെ നില (85ച മീ)	പാർപ്പി
3	1/370	സുമതി	താഴത്തെ നില (63ച മീ)	പാർപ്പി
4	1/484	മുഹമ്മദ് നിസാർ	താഴത്തെ നില (95ച മീ)	പാർപ്പി
5	1/489	രാമചന്ദ്രൻ നായർ	താഴത്തെ നില (80ച മീ)	പാർപ്പി
6	1/544	സുധാകരൻ	താഴത്തെ നില (90ച മീ)	പാർപ്പി
7	1/716	ജയരാജ്	താഴത്തെ നില (63ച മീ)	പാർപ്പി
8	2/39	സതീശൻ	താഴത്തെ നില (75ച മീ)	പാർപ്പി
9	2/138	സജികുമാരനാശാരി	താഴത്തെ നില (60ച മീ)	പാർപ്പി
10	2/144	പൊന്നമ്മ	താഴത്തെ നില (65ച മീ)	പാർപ്പി
11	2/236	ലൈലാബീവി	താഴത്തെ നില (80ച മീ)	പാർപ്പി
12	2/247	ഇന്ദിര	താഴത്തെ നില (64ച മീ)	പാർപ്പി
13	2/249	ജി. പ്രഭാകരൻനായർ	താഴത്തെ നില (99ച മീ)	പാർപ്പി
14	2/287	ജ്യോതി	താഴത്തെ നില (90ച മീ)	പാർപ്പി

15	2/295	രാജന്	താഴത്തെ നില (60ച മീ)	പാർപ്പി
16	2/328	മനോഹരൻ	താഴത്തെ നില (80ച മീ)	പാർപ്പി
17	2/378	സുഭദ്ര	താഴത്തെ നില (68ച മീ)	പാർപ്പി
18	2/489	ആനന്ദവല്ലി അമ്മ	താഴത്തെ നില (70ച മീ)	പാർപ്പി
19	2/501	നദീറ ബീവി	താഴത്തെ നില (60ച മീ)	പാർപ്പി
20	2/565	ജെ. എസ്. നായർ	താഴത്തെ നില (100ച മീ)	പാർപ്പി

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കെട്ടിടങ്ങൾക്ക് നാളിതുവരെ വസ്തുനിക ചെയ്യാത്തതിനും നികുതി തുക പിരിച്ചെടുക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/തീ.22.10.2025) മറുപടിയായി ഫീൽഡ് വെരിഫിക്കേഷൻ നട പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ വസ്തു നികുതി ഡിമാ മുഴുവൻ കെട്ടിടങ്ങളുടെയും വിവരം പരിശോധിച്ച് നികുതി ചുമത്തി തുക ഈടാക്കി വി സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-11-2 കെ-സ്മാർട്ട് പോർട്ടിംഗ് - കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയയിര പൂർത്തീകരിച്ചിട്ടില്ല

പഞ്ചായത്ത് ഡയറക്ടറുടെ 23.01.2018ലെ സി-3/6865/11 നമ്പർ സർക്കുലർ പ്രകാരം സഞ്ചയ ഡേ അപാകതകൾ പരിഹരിച്ച് 2013 മുതലുള്ള വസ്തു നികുതി നിർണയം അന്തിമമാക്കുന്നതിന് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2013 പ്രകാരമു നാളിതുവരെയും നിർണയിച്ചിട്ടില്ല. കൂടാതെ 2025-26 സാമ്പത്തിക വർഷം മുതൽ പ്രസ്തുത ഓ വിവരം കെ-സ്മാർട്ട് മുഖേന പോർട്ട് ചെയ്തതായും കാണുന്നില്ല. ഉദാഹരണം ചുവടെ-

SI NO.	Ward Year	Building ID In Sanchaya	Ward Number	Door Number Sub	Owner Name	File Status In Sanchaya	K S
1	1993	50245010001235	1	679	J. Shajahan	DE Ongoing	N
2	2013	50245010025378	1	459/A	A. NIZAR	Approved	N
3	2013	50245010024517	8	66/UA	LALITHA	DE Started	N
4	2013	50245010024523	13	10/UA	PANKAJAKSHAN	Verification Pending	N

5	2013	50245010023524	14	163/A	Suresh	Verification Pending	N

സഞ്ചയയിൽ ഡേറ്റാ എൻട്രി പൂർത്തീകരിക്കാത്തതിന്റെ കാരണവും കെട്ടിടങ്ങളുടെ വ സ്മാർട്ടിലേയ്ക്ക് പോർട്ട് ചെയ്യാത്തതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻ തീ.22.10.2025).

1-11-3 കെട്ടിടങ്ങളുടെ കാലപ്പഴക്കം - നികുതി ഇളവ് നൽകിയതിൽ അപാ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) 6, 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ് ചട്ടങ്ങൾ, ചട്ടം 2(2)(Iv) പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് 10 വർഷം മുതൽ 2 താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും 25 വർഷ വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 20% ഇളവും 50 വർഷമോ അതിൽ കൂടുതലേ കെട്ടിടങ്ങൾക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ പുതുതാ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് തെറ്റായ കാലപ്പഴക്കം രേഖപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട്.

വാർഡ്/ കെട്ടിട നം.	ഉടമയുടെ പേര്	ഉപയോഗക്രമം	വിസ്തീർണ്ണം (M^2)	കെട്ടിടത്തിന്റെ നികുതി നിർണയിച്ചത്	സഞ്ചയ രേഖപ്പെട കാലപ്പ
14/620 I	സുശീല	പാർപ്പിടാവശ്യം	66.53	2023 ഒന്നാം അർദ്ധ വർഷം	10 വർ
15/548	മുരുകൻ	പാർപ്പിടാവശ്യം	65	2023 ഒന്നാം അർദ്ധ വർഷം	12 വർ
20/393 C	മനോജ് എസ്.	പാർപ്പിടാവശ്യം - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക്	115	2023 ഒന്നാം അർദ്ധ വർഷം	10 വർ

		വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ			

മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതിന് കാരണം വ്യക്തമാക്കുന്നതിനായി നര അന്വേഷണക്കുറിപ്പിന് (നം.18/തൃ.22.10.2025) നികുതി പുനർനിർണ്ണയം നടത്തി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകം പരിഹരിച്ച് വിവരം രേഖക അറിയിക്കേണ്ടതാണ്.

1-11-4 കെട്ടിട നികുതി നിർണ്ണയം - അപാകങ്ങൾ

ഫയൽ നം.	അപേക്ഷകൻ	കെട്ടിട ഉപയോഗം	കെട്ടിട നമ്പർ	വിസ
A4/4651/2024, തീ.08.08.2024	വിദ്യ സി. വി.	പാർപ്പിടം	17/432 A	160.

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങ പ്രകാരം അടിസ്ഥാന വസ്തുനികുതിയിന്മേൽ മേഖല അടിസ്ഥാനത്തിൽ നിക അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡ് (18-ാം മൈൽ - അമ്പിള പ്രാഥമിക മേഖലയിൽ ഉൾപ്പെട്ടിരിക്കെ ദ്വീതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ന് നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) 01.04.2023 മുതൽ	9
അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) 01.04.22024 മുതൽ	9.45
അടിസ്ഥാന വസ്തു നികുതി	1518.709

അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവുകൾ

(എ)	മേഖല	രൂ.151.87095
(ബി)	വഴി സൗകര്യം	0
(സി)	മേൽക്കൂര	0
(ഡി)	കാലപ്പഴക്കം	0
(ഇ)	ആകെ ഇളവ്	10%

(എഫ്)	ആകെ ഇളവ്	രൂ.151.87095

അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള വർദ്ധനവുകൾ

(എ)	വഴി സൗകര്യം	രൂ.303.7419
(ബി)	തറ നിർമ്മിതി	0
(സി)	എയർ കണ്ടീഷനിംഗ്	0
(ഡി)	ആകെ വർദ്ധനവ്	20%
(ഇ)	ആകെ വർദ്ധനവ്	രൂ.303.7419

വാർഷിക വസ്തുനികുതി നിർണ്ണയം

	ഈടാക്കിയത്	ഈടാക്കേണ്ടത്
വസ്തു നികുതി	രൂ.1,671.00	രൂ.1,823.00
ലൈബ്രറി സെസ്സ്	രൂ.84.00	രൂ.92.00
ആകെ നികുതി	രൂ.1,755.00	രൂ.1,915.00

ബി) മേൽ കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ 17/432 നമ്പർ കെട്ടിടം (വിസ്തീർണ്ണം 29 ച. എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 17/432 നമ്പർ കെ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമാണ്. പ്ലാനിലെയും സഞ്ചയയിലെയും വ്യത്യാസപ്പെട്ടത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
2)

ഫയൽ നം	അപേക്ഷകൻ	കെട്ടിട ഉപയോഗം	കെട്ടിട നമ്പർ
A4/4278/2024 തീ.22.07.2024	സജീർ താഹ	വാണിജ്യം	15/431 C (30 ച മീ 15/431 D (11.55 ച

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങ പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിന്മേൽ 20% വർദ്ധനവ് വരുത്താവുന്നതാണ്. മേൽ കെട്ടിടത്തിന്റെ പ്ലാൻ പരി

കെട്ടിടത്തിന്റെ മുൻപിലുള്ള വഴിയുടെ (ചെമ്പകമംഗലം വാളക്കാട് PWD റോഡ്) വീതി 7.3 മീറ്റ ഇതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിന്മേൽ 20 % വർദ്ധനവ് വരുത്തിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (51/28.10. പുനർനിർണയിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകം പരിഹ രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-11-5 പുതുക്കിയ നിരക്കിൽ വസ്തു നികുതി നിർണയിച്ചതിൽ അപാകം

1) സ.ഉ(കൈ)നം. 77/2023/LSGD, തീ. 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 മു വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടു ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 01.04.2023ന് ശേഷം വസ്തുനികുതി വിവിധ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയി 2024-25 വർഷം ഇപ്രകാരമുള്ള നികുതിയുടെ 5% വർദ്ധനവും വരുത്തിയിട്ടില്ല. വാർഡ് പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ്	കെട്ടിടനം.	സബ് നം.	കെട്ടിട ഉപയോഗം	വിസ്തീർണം	01.04.2023 മുതൽ (രൂ.)		01.04.2024 മു (രൂ.)	
					ഈടാക്കേണ്ട നിരക്ക്	ഈടാക്കിയ നികുതി നിരക്ക്	ഈടാക്കേണ്ട നിരക്ക്	ഈടാ നി നി
1	304	A	പാർപ്പിടാവശ്യം	107.28 ച.മീ	9	5	9.45	
1	1	A	പാർപ്പിടാവശ്യം	259.45 ച.മീ	9	5	9.45	
1	197	A	വാണിജ്യാവശ്യം	15.26 ച.മീ	60	40	63	
1	197	B	വാണിജ്യാവശ്യം	17.21 ച.മീ	60	40	63	
1	48	B	പാർപ്പിടാവശ്യം	95.65 ച.മീ	9	5	9.45	
1	221	A	വാണിജ്യാവശ്യം	208 ച.മീ	70	50	73.5	
1	498	B	പാർപ്പിടാവശ്യം	239.93 ച.മീ	9	5	9.45	

എല്ലാ വാർഡുകളിലെയും അപാകം പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) 01.04.2023 മുതൽ നികുതി നിർണയിക്കുന്ന 300 ചതുരശ്ര മീറ്റർ വരെ വ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 9/- രൂപയ മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വ ചതുരശ്ര മീറ്ററിന് 11/- രൂപയുമാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. 01.04.2024 മുതൽ പ്രസ്തുത യഥാക്രമം 9.45 രൂപയും 11.55 രൂപയുമാണ്. എന്നാൽ താഴെപ്പറയുന്ന 300 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടങ്ങളെ "300 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടം" എന ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 6.3 രൂപ നിരക്കിലാണ് വസ്തുനികുതി നിർണയിച്ചത്. വിശദ ചേർക്കുന്നു.

എ))

കെട്ടിട നം.	ഉടമ	വിസ്തീർണം (ചതുരശ്ര മീറ്റർ)	നികുതി നിർണ
12/20/A	ഷിറാസ് മഹമ്മദ് ഇസ്മായിൽ	344.1	2023 – രണ്ടാം അർദ്ധ

ഇനം	ഈടാക്കിയത് (രൂ.)	ഈടാ (ര
അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) (01.04.2024 മുതൽ)	9.45	
അടിസ്ഥാന വസ്തു നികുതി	3,096.9	
(-) ഇളവ്	0	
(+) വർദ്ധനവ് (ആകെ 35%)	1,083.915	
ആകെ വസ്തു നികുതി	4391	
ലൈബ്രറി സെസ്സ്	220	
ആകെ നികുതി	4611	

ബി)

കെട്ടിട നം.	ഉടമ	വിസ്തീർണം (ചതുരശ്ര മീറ്റർ)	നികുതി നിർണയി
20/231/B	നിസാർഷാ	569.65	2024 - ഒന്നാം അർദ്ധ വ

ഇനം	ഈടാക്കിയത് (രൂ.)	ഈടാ (ര
അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) (01.04.2024 മുതൽ)	9.45	
അടിസ്ഥാന വസ്തു നികുതി	5,383.1925	
(-) ഇളവ് (10%)	538.31925	
(+) വർദ്ധനവ് (ആകെ 25%)	1,345.798125	
ആകെ വസ്തു നികുതി	6,190.67	
ലൈബ്രറി സെസ്സ്	309.53	
ആകെ നികുതി	6,501.00	

നികുതി പുനർനിർണ്ണയം നടത്തി കുടിശ്ശിക സഹിതം ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ

3) 01.04.2023 മുതൽ നികുതി നിർണയിക്കുന്ന 100 ചതുരശ്ര മീറ്റർ വരെ വ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 60 ചതുരശ്ര മീറ്റർ മുതൽ 500 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 70/- രൂപയുമാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടു മുതൽ പ്രസ്തുത നിരക്കുകൾ യഥാക്രമം 63/- രൂപയും 73.5 രൂപയുമാണ്. എന്നാൽ താഴെപ്പറയുന മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ "100 ചതുരശ്ര വിസ്തീർണമുള്ള കെട്ടിടം" എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 63/- രൂപ നിരക നികുതി നിർണയിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട നം.	ഉടമ	വിസ്തീർണം (ചതുരശ്ര മീറ്റർ)	നികുതി നിർണയിച്ച
14/651/P	ശശിധര കുറുപ്പ്	105.57	2024 ഒന്നാം അർദ്ധവർ

ഇനം	ഈടാക്കിയത് (രൂ.)	ഈടാ (ര
അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) (01.04.2024 മുതൽ)	63	
അടിസ്ഥാന വസ്തു നികുതി	6,650.91	

(-) ഇളവ്	0	
(+) വർദ്ധനവ് (ആകെ 20%)	1,330.18	
ആകെ വസ്തു നികുതി	7,982	
ലൈബ്രറി സെസ്സ്	400	
ആകെ നികുതി	8,382	

നികുതി പുനർനിർണ്ണയം നടത്തി കുടിശ്ശിക സഹിതം ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ

(ഓഡിറ്റ് അന്വേഷണം നം. 12/തീ.22.10.2025)

1-11-6 ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ്

ജി.ഒ(എം.എസ്.)നം.144/15/തസ്വഭവ., തീ.27.04.2015, ജി.ഒ.(എം.എസ്.)നം..358/15/തസ്വഭവ. പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴി കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്ത പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ (3, 4, 5 വാ

ക്രമ നം.	വാർഡ്/കെട്ടിട നം.	പേര് /വിലാസം
1	3/12 A 3/12 B	രാഖി റ്റി. എസ്. (ആലുംമൂട് വീട്, പെരിങ്ങോട്ടുകോണം)
2	3/26B 3/27	ബാലചന്ദ്രൻ (ചരുവിളപുത്തൻ വീട്, ഇളമ്പ)
3	4/586 4/587	സുൽഹത്ത് ബീവി (അജി ഭവൻ, അയിലം പി. ഒ.)
4	4/479 4/480	മുരളി (തൊടിയിൽവീട്, ഇളമ്പ)
5	5/178 5/179	രാജേന്ദ്രൻ (പണ്ടാരവിള വീട്, അയിലം പി. ഒ.)

6	5/602 5/602A	തുളസീധരൻ/സുധർമ്മ (കൃഷ്ണ ഭവൻ, അയിലം പി. ഒ.)
7	5/638 5/639 B	സുദർശന (ബി. എസ്. ഭവൻ, അയിലം)
8	5/679 5/680	ശാരദ (അജി വിലാസം, അയിലം പി. ഒ.)

അപാകം പരിശോധിച്ച് നികുതി പുനർനിർണ്ണയം നടത്തി വിവരം അറിയിക്കുന്നതാണെന്ന് മറുപ
(ഓഡിറ്റ് അന്വേഷണം നം. 19/തീ.22.10.2025). തുടർനടപടി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ

1-11-7 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതി അപാകം

100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുക
എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി
വരെ 50/- രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 100 ച.മീറ്ററിൽ കൂടുതൽ വ
വാണിജ്യകെട്ടിടങ്ങളെ, 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ
ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി 40/- രൂപ കണക്കാക്കി
ഈടാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട ഐ. ഡി.	കെട്ടിട നം.	ഉടമയുടെ പേര്	തറ വിസ്തീർണ്ണം (M2)	നികുതി വന്ന അ
1	50245010023463	15/526/B	Anil Kumar	133	201 അർ
2	50245010025663	17/57/C	PRESIDENT, EDAKKODU SERVICE CO. OPERATIVE BANK LTD. NO.2523	105.8	202 അർ

നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമ
അന്വേഷണം നം.14/തീ.22.10.2025). തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-11-8 വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - അപാകങ്ങൾ

1) സ.ഉ.(കൈ)നം.140/2023/LSGD., തീ. 07-07-2023 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ വിധവകൾക്ക്, വസ്തു നികുതിയുടെ ഇളവ് ലഭിക്കുന്നതിനായി അഞ്ച് വർഷത്തെ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അർഹരായവരുടെ കെട്ടിടം, പിന്നീട് കൈമാറ്റം ചെയ്യപ്പെടുകയോ സ്വന്തം താമസ ആവശ്യത്തെ ആവശ്യത്തിന് ഉപയോഗിക്കുകയോ, ആയത് കൃത്യസമയത്ത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭര മേധാവിയെ അറിയിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം രണ്ട് ഇരട്ടി പിഴയോടുകൂടി (അറിയിച്ച വരെ) നികുതി ഈടാക്കാമെന്നുള്ള വ്യവസ്ഥകളും ഉൾപ്പെട്ട ഒരു സത്യവാങ്മൂലവും ലൈഫ് സ അപേക്ഷയോടൊപ്പം ഗ്രാമപഞ്ചായത്തിൽ ഹാജരാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാ അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണെന്നും രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്നും സ.ഉ(കൈ)നം.106/17/തസ്വഭവ., തീ.26.05.20 വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ

2) വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് തറവിസ്തീർണം അടിയിൽ അധികരിക്കാത്ത ഒരു വീടിന് മാത്രമാണ് ഇളവ് അനുവദിക്കുന്നത്. എന്നാൽ ഒ വ്യക്തിയുടെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് മേൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

വാർഡ്/കെട്ടിട നം.	നികുതി ഇളവ് നൽകാൻ ആരംഭിച്ചത്	പേര് /വിലാസ
12/231	2022 ഒന്നാം അർദ്ധ വർഷം	കെ. രാജൻപിള്ള
12/232	2015 രണ്ടാം അർദ്ധ വർഷം	(ചോതി, മുദാക്കൽ

അപാകം സംബന്ധിച്ച് മറുപടി (നം. 17/തീ.22.10.2025) ലഭ്യമാക്കിയില്ല. അപാകം പരിഹ അറിയിക്കേണ്ടതാണ്.

1-11-9 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഇളവ് നൽകിയതിൽ അ

1) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207-ാം വകുപ്പ് പ്രകാരം "കേന്ദ്ര സർക്കാർ ഉടമ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ അസസ്മെ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് "കേ ഉടമസ്ഥതയിലുള്ള ഭരണ ഘടനയുടെ 285 അനുച്ഛേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒ

കെട്ടിടം" എന്ന തെറ്റായ ഇളവ് രേഖപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണ
ചേർക്കുന്നു.

ക്രമ നം.	വാർഡ് നം.	കെട്ടിട നം.	സബ് നം.	ഉടമയുടെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം	തറവിസ്തീർ
1	1	608	A*	വിനോദ്	പാർപ്പിടാവശ്യം	താഴത്തെ നില (മീ) ഒന്നാം നില (39.(
2	18	24		സദാശിവൻ	പാർപ്പിടാവശ്യം	താഴത്തെ നില (

* 2020 ഒന്നാം അർദ്ധവർഷം മുതൽ ഡിമാന്റ് ഒഴിവാക്കി.

2) ദാരിദ്യരേഖയ്ക്ക് താഴെയുള്ള കെട്ടിടങ്ങൾക്ക് ഇളവ്

1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, ചട്ടം 207(1) (ഐ) പ്രകാരം ഉടമസ്ഥൻ ദാരിദ്ര്യരേ
ഉള്ളയാളാണെങ്കിൽ, അയാൾ സ്വന്തം വാസഗൃഹമായി ഉപയോഗിക്കുന്നതും തറ വിസ്തീർണ്ണം മ
മീറ്ററിൽ കുറവുള്ളതുമായ കെട്ടിടങ്ങൾ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതിന്
$30m^2$ ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ക്രമ നം.	വാർഡ് നം.	കെട്ടിട നം.	ഉടമയുടെ പേര്	തറവിസ്തീർണ്ണം (M2)
1	4	576	ലീലാകുമാരി	64
2	14	554	സുലജ	70

അപാകം സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-11-10 വേക്കൻസി റെമിഷൻ - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും
ചട്ടം 21 പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസമോ അതിൽ കൂ
കാലത്തേക്ക് തുടർച്ചയായി 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഒരാവശ്യത്തിനും ഉപയോഗിക്കപ്പെ
കിടന്നിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി, വാർഷിക
പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്തു കൊടുക്കാവുന്നതാണ്. ചട്ടം
കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെങ്കിൽ, ഒഴിഞ്ഞ് കിടക്കുന്ന ദിവസങ്ങളുടെ

ആനുപാതികമായാണ് ഇളവ് നൽകേണ്ടത്. മേൽ ചട്ടങ്ങളിലെ, ചട്ടം 21(2) (ബി) പ്രകാരം, ഒഴിഞ
കെട്ടിടങ്ങളുടെ നികുതി ഇളവ് കണക്കാക്കുന്നത്, കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയത
കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയ
എന്നാൽ മേൽ ചട്ടം പാലിക്കാതെ അപേക്ഷ തീയതിക്ക് മുമ്പുള്ള കാലയളവിൽ വസ്തുനികു
അനുവദിച്ചു നൽകി പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന

ക്രമ നം.	ഫയൽ നം.	വാർഡ്/ കെട്ടിട നം.	കെട്ടിട ഉടമ	അപേക്ഷ തീയതി	ഇളവ് നൽകിയ കാലയളവ്
1	400218/PTEX01/General/2025/784	6/196	ശശിധര കുറുപ്പ്	16/01/2025	01/10/2024 മുതൽ 31/03/2025 വരെ
2	400218/PTEX01/General/2025/784	6/196 A	ശശിധര കുറുപ്പ്	16/01/2025	01/10/2024 മുതൽ 31/03/2025 വരെ
3	B1/25/784	14/651 A	ശശിധര കുറുപ്പ്	12/02/2025	01/10/2024 മുതൽ 31/03/2025 വരെ
4	B1/25/784	14/651 B	ശശിധര കുറുപ്പ്	12/02/2025	01/10/2024 മുതൽ 31/03/2025 വരെ
5	B1/25/784	14/651 C	ശശിധര കുറുപ്പ്	12/02/2025	01/10/2024 മുതൽ 31/03/2025 വരെ
6	B1/25/784	14/651 D	ശശിധര കുറുപ്പ്	12/02/2025	01/10/2024 മുതൽ 31/03/2025 വരെ
7	B1/25/784	14/651 E	ശശിധര കുറുപ്പ്	12/02/2025	01/10/2024 മുതൽ 31/03/2025 വരെ
8	B4-1129/2025	18/715	സുലത	01/02/2025	01/10/2024 മുതൽ 31/03/2025 വരെ
9	24/5272	14/663	സാമ്പൻ	17/02/2025	01/10/2024 മുതൽ 31/03/2025 വരെ
10	24/5615	14/187 A	അജിത് പ്രസാദ്	19/02/2025	01/10/2024 മുതൽ 31/03/2025 വരെ

11	24/5615	14/187 B	അജിത് പ്രസാദ്	19/02/2025	01/10/2024 മുതൽ 31/03/2025 വരെ
12	24/5369	8/83	ആർ. സുരേന്ദ്ര ബാബു	19/02/2025	01/10/2024 മുതൽ 31/03/2025 വരെ
13	B3/25/1811	17/108 B	നസീറുദ്ദീൻ	18/03/2025	01/10/2024 മുതൽ 31/03/2025 വരെ
14	B3/25/1811	17/108 C	നസീറുദ്ദീൻ	18/03/2025	01/10/2024 മുതൽ 31/03/2025 വരെ
15	B1/25/2000	8/718 A	സിന്ധു വേണുകുമാർ	24/03/2025	01/10/2024 മുതൽ 31/03/2025 വരെ
16	B1/25/2000	8/718 B	സിന്ധു വേണുകുമാർ	24/03/2025	01/10/2024 മുതൽ 31/03/2025 വരെ

വരും വർഷങ്ങളിൽ അപാകം ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

1-11 വസ്തു നികുതി - അപാകങ്ങൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 പ്രകാരം ഏതൊരു ഗ്രാമപഞ്ചായ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ളതും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ട് ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്നുകിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്ടിലെ വ്യ നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്തേണ്ട സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിർണ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-12 ലൈസൻസ് എടുക്കാത്ത വ്യാപാര സ്ഥാപനങ്ങൾ പഞ്ചായത്ത് പരി പ്രവർത്തിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

ലൈസൻസ് രജിസ്റ്റർ പ്രകാരം 24-25 വർഷം 429 വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് എന്നാൽ ഹരിതമിത്രം ആപ്പ് പ്രകാരം 703 വ്യാപാര സ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു. പ്രസ്തുത നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതി അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം. 35/തീ. 27.10.2025) ഹരിതമിത്രം ആ വന്നതിനാലാണ് സ്ഥാപനങ്ങൾ കൂടുതലായി വന്നതെന്നും ആയത് പരിഹരിക്കുന്നതാണെന്ന പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേ

1-13 വാടക കുടിശ്ശിക - റവന്യൂ റിക്കവറി തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

വാടക രജിസ്റ്റർ പ്രകാരം 24-25 വർഷം സ്റ്റാൾ നം. (1) ലേലം ചെയ്ത് നല്കിയിട്ടില്ല. സ്റ്റാൾ ന വിഷ്ണുഭവൻ വാളക്കാട് എന്ന വ്യക്തിക്ക് 78,192/- രൂപയ്ക്ക് വാർഷിക വാടക വർദ്ധനവ് വരുത്ത് കാണുന്നു. എന്നാൽ പ്രസ്തുത വ്യക്തി വാടക തുക ഒടുക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കാ നടപടിയുടെ വിവരം, വാടക കുടിശ്ശിക വരുത്തിയപ്പോൾ കടമുറി പുതുതായി ലേലം നടത സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, സ്റ്റാൾ നം. (1) ലേലം ചെയ്ത് നല്കാത്തതിന എന്നിവയുടെ വിശദാംശം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം. 38/തീ. 27.10.2025) സ്റ്റാ കുടിശ്ശിക തുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 09.09.2024ലെ തീരുമാന പ്രകാരം സ്റ്റാൾ നം. (2) സ്വീറ്റ് ലൈറ്റ് സൂക്ഷിക്കുന്ന ഗോഡൗൺ ആയി മാറ്റാൻ തീരു അറിയിച്ചു. സ്റ്റാൾ നം. (1)ലേലം ചെയ്തിട്ടും പുനർലേലം ചെയ്തിട്ടും ആരും പങ്കെടുക്കാത്തതിനാ ഗോഡൗൺ ആയി ഉപയോഗിച്ച് വരികയായിരുന്നും നിലവിൽ ആയത് ലേലം ചെയ്ത് നല്കു അറിയിച്ചു.

റവന്യൂ റിക്കവറി തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

1-14 ലേലം - കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ലേല രജിസ്റ്റർ പ്രകാരം 2024-25 വർഷം 47,214/- രൂപ ലേല ഇനത്തിൽ കുടിശ്ശികയായി അവ 2022-23 വർഷം ഊരുപൊയ്ക പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസിനുള്ള അവകാശം 1,02,600/- രൂപയ്ക്ക് കുമാർ, കാഞ്ഞിരംവിള വീട്ട്, ഊരുപൊയ്ക എന്ന വ്യക്തിക്ക് ലേലം ചെയ്ത് നല്കി. പ്രസ്തുത വ്യക്ത ഇനത്തിൽ 47,214/- രൂപ ഒടുക്ക് വരുത്താൻ അവശേഷിക്കുന്നു. ലേലം ഉറപ്പിച്ച സമയത്ത് അദ്ദേഹ സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും കുടിശ്ശിക തു

നടപടി ആരംഭിച്ചിട്ടും പ്രസ്തുത വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകൃയറ് 27.10.2025) കുടിശ്ശിക തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടും തുടർനടപട സാഹചര്യത്തിൽ റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് വിവരം അറിയിക്കുന്നതാണെന്ന് മറു

റവന്യൂ റിക്കവറിയുടെ തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 270, 271, 1997-ലെ കേരള പഞ്ചായത്ത് (ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രിക പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം (1)ൽ സമർപ്പിക്കേ നിഷ്കർഷിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളു അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2024-25 വർഷം പുതുക്കിയിട്ടില്ല.

1. ഹയാത്ത് മെഡിക്കൽ സെന്റർ.
2. കാർത്തിക ഡയഗനോസ്റ്റിക് സെന്റർ, ഊരുപൊയ്ക.
3. ഡോ. പൂജാസ് ഹോമിയോ ക്ലിനിക്ക്, നെല്ലിമൂട്.
4. HRC മെഡിക്കൽ, സെന്റർ & ഡയഗനോസ്റ്റിക് സെന്റർ, ചെമ്പൂർ.

മേൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് (എൻകൃയറിക്ക് (നം. 41/തീ.27.10.2025) മേൽ സ്ഥാപനങ്ങൾ 2025-26 വർഷം ലൈസൻസ് നേടുന്ന വർഷത്തെ കുടിശ്ശിക ഉൾപ്പടെ ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നല്കി. മേൽ സ്ഥാപന കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

1-16 ജനറൽ കമ്മിറ്റി യോഗ നടപടിക്രമങ്ങളുടെ മിനിട്സ് സമയബന്ധിതമാ പൂർത്തിയാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (1995ലെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 ഉപച പഞ്ചായത്തിൽ പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം

മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതും ഉപചട്ടം 8 പ്ര നടപടിക്കുറിപ്പുകളുടെ കരട് സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ കരട് അധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള പരിശോധിച്ച് വസ്തുതപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് അധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മി രേഖപ്പെടുത്തി അധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന ഉപചട്ടം 9, 10 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ 2025ലെ മിനിട്സ് പരിശോധിച്ചതിൽ ചുവടെ പറയുന്ന തീയതികളിൽ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്ന് കാണുന്നു.

ക്രമ നം.	യോഗ നമ്പർ	യോഗ തിയതി	യോഗ സ്വഭാവം
1	6	11/03/2025	അടിയന്തിര യോഗം/പ്രത്യേക യോഗം
2	7	22/03/2025	അടിയന്തിര യോഗം/പ്രത്യേക യോഗം
3	8	29/03/2025	അടിയന്തിര യോഗം/പ്രത്യേക യോഗം
4	9	09/04/2025	സാധാരണ യോഗം
5	10	12/05/2025	സാധാരണ യോഗം
6	11	17/06/2025	സാധാരണ യോഗം
7	12	11/07/2025	സാധാരണ യോഗം
8	13	04/08/2025	സാധാരണ യോഗം
9	14	12/09/2025	സാധാരണ യോഗം

ജനറൽ കമ്മിറ്റി യോഗങ്ങളുടെ മിനിട്സ് സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം.44/തീ. 27.10.2025) ഇലക്ഷൻ തിരക്ക് കാരണമാണ് ചെയ്യാൻ കാലതാമസം ഉണ്ടായതെന്നും രണ്ടാഴ്ചയ്ക്കുള്ളിൽ ക്ലോസ് ചെയ്യുന്നതാണെന്നും അറിയിച്

ജനറൽ കമ്മിറ്റി യോഗങ്ങളുടെ മിനിട്സ് സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ട

1-17 തൊഴിൽ നികുതി - അപാകങ്ങൾ

1) 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലു വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാര ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്. ചട്ടം 14, 16 എ തൊഴിൽ ഉടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശ സ്റ്റേറ്റ്മന്റ് സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സ്ഥാപനം വരും വർഷങ്ങളിൽ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

2) 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം (3)ൽ അർ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽ നികുതി നിര സ.ഉ(സാധാ)നം.1149/2024/LSGD., തീ. 27.06.2024 ഉത്തരവ് പ്രകാരം 2024 രണ്ടാം അർദ്ധ വർഷം മു നികുതി നിരക്കുകൾ പരിഷ്ക്കരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 2024-25 രണ്ടാം അർദ്ധ വ ചേർക്കുന്ന ജീവനക്കാരിൽ നിന്നും പരിഷ്ക്കരിച്ച നിരക്കിലല്ല തൊഴിൽ നികുതി ഈടാക്കി വിശദാംശം ചുവടെ ചേർക്കുന്നു.

സ്ഥാപനം	ജീവനക്കാരന്റെ പേര്/ഉദ്യോഗപ്പേര്	അർദ്ധ വാർഷിക വരുമാനം (രൂ.)	ഈടാക്കേണ്ട തുക (രൂ.)	ഈടാക്ക തുക (രൂ.)
ക്രൈസ്റ്റ് നഗർ പബ്ലിക് സ്കൂൾ, വാളക്കാട്	ഹനിജ ആർ., സപ്പോർട്ടിംഗ് സ്റ്റാഫ്	76,278	750	
	ജയന്തി എസ്., സപ്പോർട്ടിംഗ് സ്റ്റാഫ്	74,580	750	
	അനിത ജി. എൽ., സപ്പോർട്ടിംഗ് സ്റ്റാഫ്	74,580	750	
	ഷീന എസ്., സപ്പോർട്ടിംഗ് സ്റ്റാഫ്	69,498	750	
	ഷീബ ജി., സപ്പോർട്ടിംഗ് സ്റ്റാഫ്	63,348	750	
	ശോഭന എ., സപ്പോർട്ടിംഗ് സ്റ്റാഫ്	63,348	750	
	ഉദയകുമാർ ജി., ഡ്രൈവർ	69,000	750	
	കെ. സി. ബാബു, ഡ്രൈവർ	69,000	750	
	അബ്ദുൾ സത്താർ, ഡ്രൈവർ	69,000	750	

വി. ശിവൻകുട്ടി ചെട്ടിയാർ, സെക്യൂരിറ്റി	66,438	750	
മനിജ ആർ., സപ്പോർട്ടിംഗ് സ്റ്റാഫ്	62,400	750	
കെ. പ്രകാശ്, സപ്പോർട്ടിംഗ് സ്റ്റാഫ്	66,438	750	
ജിതിൻ തിലക് റ്റി. റ്റി., സപ്പോർട്ടിംഗ് സ്റ്റാഫ്	65,400	750	
വിജയലക്ഷ്മി വി., സപ്പോർട്ടിംഗ് സ്റ്റാഫ്	62,400	750	
പ്രദീപ്, ഡ്രൈവർ	69,000	750	
ബിസേനൻ വി., ഡ്രൈവർ	69,000	750	
പ്രജീഷ്, ഡ്രൈവർ	69,000	750	
പ്രീതി പി.എച്ച്., സപ്പോർട്ടിംഗ് സ്റ്റാഫ്	60,000	750	
മനു വി. എൻ., ഡ്രൈവർ	68,400	750	
ആകെ			

തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

3) കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം വകുപ്പ് 205-എഫ്(2) പ്രകാരം എല്ലാ വർ മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് തൊഴിലുടമയും നികുതി അടയ്ക്കണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തി റ സഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതാണ്. തൊഴിൽ നികുതി നിയമം വകുപ്പ് 205(സമയപരിധിയ്ക്ക് ശേഷം അടവാക്കിയതിന് 2% പിഴപ്പലിശ ഇടാക്കാവുന്നതാണ്. ചുവടെ ചേർക്ക ഒന്നാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുത് അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	അടവാക്കിയ തുക	ഒടുക്കിയ തീ
1	കാനറ ബാങ്ക്, മുദാക്കൽ	രൂ.7,500/- രൂ.1,250/-	08.10.2024

ടി സ്ഥാപനത്തിൽ നിന്ന് പിഴ പലിശ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

4) കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം വകുപ്പ് 205(ഐ) പ്രകാരം ഓരോ സ പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേ തുക അവരുടെ പേരിൽ വരവ് വയ്ക്കണ്ടതുമാണ്. എന്നാൽ സ്ഥാപനം ഹാജരാക്കിയ തൊ

രജിസ്റ്ററിൽ വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ വിവരവും അർദ്ധ വാർഷിക വരുമാനം വിവരവും ലഭ്യമല്ല .

5) പഞ്ചായത്ത് പരിധിയിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാ നികുതി ഈടാക്കിയിട്ടില്ല. ടി വിഭാഗം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

6) വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എ സാമ്പത്തിക വർഷം പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു-

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി ഒടുക്കാത അർദ്ധവർഷം
1	ഡാൽമിയ സിമെന്റ്, വാളക്കാട്	ഒന്നും രണ്ടും അർദ്ധ വർഷങ്ങ
2	നിബിന ഫ്യുവൽസ്, വാളക്കാട്	ഒന്നും രണ്ടും അർദ്ധ വർഷങ്ങ
3	ആയുഷ് ഹോളിസ്റ്റിക് സെന്റർ, സായിഗ്രാമം	ഒന്നും രണ്ടും അർദ്ധ വർഷങ്ങ

തൊഴിൽ നികുതി പിഴ പലിശ സഹിതം ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർന രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 46/തീ.28.10.2025)

1-18 സ്നേഹസ്പർശം - അപാകങ്ങൾ

പ്രോജക്ട് നമ്പർ	38/25
പ്രോജക്ടിന്റെ പേര്	സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോ (New)
അടങ്കൽ തുക	രൂ.26,79,000/-
ചെലവ് തുക	രൂ.26,32,150/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ച ശ്രീ. (നായരുടെ Disability Certificate (75%) – ൽ Locomotor Disability എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാനസ നേരിടുന്ന വിഭാഗത്തിൽപ്പെട്ടതായി രേഖപ്പെടുത്തി അപേക്ഷ ലഭ്യമാക്കിയതിന്റെ അടിസ ശാരീരിക വൈകല്യമുള്ളയാൾക്ക് മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽ (അനുവദിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയത്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അട ആനുകൂല്യം അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-19 വിനിയോഗ രേഖകൾ ലഭ്യമല്ല – 2,19,999/- രൂപയുടെ ചെലവ് തടസ്സപ്പെട്ടു

I)

പദ്ധതി	48/25 - ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതി
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	രൂ.20,000/- (വികസന ഫണ്ട്)
ചെലവ്	രൂ.19,999/-
ബിൽ നം./തീയതി	548/25.03.2025

ടി പദ്ധതി പ്രകാരം സപ്ലൈകോ മെഡിക്കൽ സ്റ്റോർ, കാരേറ്റ്-ൽ നിന്നും Spot Light, Coupli വിവിധ ഉപകരണങ്ങൾ വാങ്ങിയതിന്റെ Tax Invoice മാത്രമാണ് ഫയലിലുള്ളത്. പദ്ധതി നിർവ്വഹ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം. 37) കെയറിലുള്ള കാൻസർ രോഗികൾക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങി നൽ ഹാജരാക്കുമ്പോൾ പേയ്മെന്റ് നൽകുകയായിരുന്നു എന്നാണ് മറുപടി നൽകിയത്.

പദ്ധതി മുഖേന വാങ്ങിയ സാധനങ്ങൾ ഉപയോഗിച്ച് രോഗനിർണ്ണയ ക്യാമ്പുകൾ നട വാങ്ങിയവയെല്ലാം സ്റ്റോക്കിലെടുത്തിട്ടുണ്ടോ എന്നിങ്ങനെയുള്ള വിവരങ്ങൾ ലഭ്യമല്ല. സ്ക്രീനി നിലവിലും നടന്നുവരുന്നതായി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ് രേഖകൾ കൃത്യമായി ലഭ്യമാക്കാത്തതിനാൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

Ii)

പദ്ധതി	30/25 - SSK വിഹിതം നല്കൽ
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ

അടങ്കൽ	രൂ.2,00,000/- വികസന ഫണ്ട് (പൊ.വി)
ചെലവ്	രൂ.2,00,000/-
ബിൽ നം./തീയതി	495/12.03.2025

പ്രസ്തുത പദ്ധതി മുഖേന സമഗ്ര ശിക്ഷ, കേരള-യ്ക്ക് തുക കൈമാറിയിട്ടുണ്ട്. എ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 48) മറുപടിയോ വിനിയോഗ സ ലഭ്യമാക്കിയിട്ടില്ല. ആകയാൽ 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 ഭവന പുനരുദ്ധാരണം പട്ടിക ജാതി വിഭാഗം - വിവിധ അപാകങ്ങൾ

I)

പ്രോജക്ട് നം.	SO165/25 (സ്പിൽ ഓവർ)
പ്രോജക്ടിന്റെ പേര്	ഭവന പുനരുദ്ധാരണം – എസ്. സി.
നിർവഹണം	വി.ഇ.ഒ, സർക്കിൾ - 2
അടങ്കൽ	രൂ.1,50,000/-
ചെലവ്	രൂ.50,000/-

ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പട്ടികജാതി വിഭ വ്യക്തികളുടെ വീട് പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനായി 2021-22 വർഷത്ത് പ്രോജക്ടിന്റെ സ്പിൽ ഓവറായാണ് മേൽ പ്രോജക്ട് നടപ്പാക്കിയത്. ആകെ 1,00,000/- രൂ പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നത്. 2024-25 വർഷത്തിൽ മുരളി, കോളൂർ പുത്തൻ ഗുണഭോക്താവിന് മാത്രമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാക ചേർക്കുന്നു.

1) 22.11.2021 ൽ ഗ്രാമപഞ്ചായത്തും ശ്രീ. മുരളി എന്ന ഗുണഭോക്താവും തമ്മിൽ ചമച്ച കരാറി കൈപ്പറ്റി എത്ര കാലയളവിനകം ഭവന പുനരുദ്ധാരണം പൂർത്തീകരിക്കണം എന്ന് വ്യക്ത

22.01.2022ൽ ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവിന് 23.07.2024-ലാണ് അവസാന ഗഡു നൽകിയി

2) 2021-22 വർഷത്തിലെ സ്പിൽ ഓവറായ നടപ്പാക്കിയ മേൽ പദ്ധതിക്കായി 1,50,00 വകയിരുത്തിയിരുന്നത്. എന്നാൽ 50,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയുടെ മറുപടിയിൽ (നം.0 പൂർത്തിയാകാതെ കിടക്കുന്ന പ്രോജക്ടുകൾ പൂർത്തികരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് നേരിട്ട് ഇടപെട്ടാണ് ശ്രീ. മുരളിയുടെ ഭവനം പൂർത്തീകരിച്ചതെന്നും 3 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി തുക വകയിരുത്തിയതെന്നും പ്രസ്തുത ഗുണഭോക്താക്കൾ ഭവന പ പൂർത്തീകരിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതികൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

II)

പ്രോജക്ട് നം	SO062/25
പ്രോജക്ടിന്റെ പേര്	വീട് വാസയോഗ്യമാക്കൽ - എസ്. സി.
നിർവഹണം	വി.ഇ.ഒ, സർക്കിൾ - 2
അടങ്കൽ	രൂ.30,00,000/-
ചെലവ്	രൂ.18,00,000/-

ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് വീട് പുനരുദ്ധാരണത്തിന് 1,50,000/- രൂപ ധനസഹായം നൽകുന്നതിനാണ വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. ശ്രീമതി ശ്രീജ. എന്ന ഗുണഭോക്താവ് സമർപ്പിച്ച അപേക്ഷയോടൊപ്പമുള്ള Building Age Certificate പ്രകാരം ടിയാളുടെ ഭവനത്തിന് 7 വർഷം മാത്രം പഴക്കമാണുള്ളത്.

2) ശ്രീമതി താമരാക്ഷി, ചരുവിള വീട് എന്ന ഗുണഭോക്താവ് സമർപ്പിച്ച ഗ്രാമപഞ്ചായത്തിൽ നിന്ന Certificate (നം. B4-6372/2024, തീ.19.11.2024) പ്രകാരം 13/288-D എന്ന കെട്ടിടത്തിന് 12 വർഷം പഴക്കമ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്വെയർ പ്ര കെട്ടിടത്തിന്റെ വസ്തു നികുതി നിർണയിച്ചിട്ടുള്ളത് 2018 ഒന്നാം അർദ്ധവർഷം മുതലാണ്. ഇപ്ര

കാലയളവ് രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകിയതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വി ലഭ്യമാക്കിയിട്ടില്ല.

3) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം ഭവന പുനരുദ്ധാരണത്തിന് ആ 50% തുകയാണ് അനുവദിക്കേണ്ടത്. പദ്ധതി ഗുണഭോക്താവായ ശ്രീമതി ഭായി, ചരുവിള വീട് സമർപ്പിച്ച ഭവന പുനരുദ്ധാരണത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം ചെലവാകുന്ന തുക 1,07,385.28/- രൂപ പ്രസ്തുത ഗുണഭോക്താവിന് ആദ്യ ഗഡുവായി 53,693/- രൂപ അനുവദിക്കുന്നതിന് പകരം 75,000/- രൂപ

ക്രമനമ്പർ (2) പ്രകാരമുള്ള അപാകത്തിന് സെക്രട്ടറിക്കും മറ്റ് അപാകങ്ങൾക്ക് വി.ഇ.ഒ. എൻകെയറികൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (എൻകെയറി നം. 07/തീ.21.05.2025). വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

III) ഭവന പുനരുദ്ധാരണം - ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന പു പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം.	SO159/25 (സ്പിൽ ഓവർ)
പ്രോജക്ടിന്റെ പേര്	വീട് വാസയോഗ്യമാക്കൽ - എസ്.സി.പി.
നിർവഹണം	വി.ഇ.ഒ, സർക്കിൾ - 2
അടങ്കൽ	രൂ.14,02,650/-
ചെലവ്	രൂ.8,63,886/-

വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്ന ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭ കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് 1,50,000/- രൂപ ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയട്ടുള്ളതാണ് മേൽ പദ്ധതി (സ്പിൽ ഓവർ). ഗ്രാമപഞ്ചായത്തും ഗുണഭോക്ത ചമച്ച കരാറിൽ ആദ്യ ഗഡു കൈപ്പറ്റി എത്ര കാലയളവിനകം ഭവന പുനരുദ്ധാരണം പൂർത്തീകര വ്യക്തമാക്കിയിട്ടില്ല. മേൽ പ്രോജക്ട് പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	സാമ്പത്തിക വർഷം	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	കൈ
1	ശുഭ, പടിഞ്ഞാറേ പുത്തൻവീട്	2023-24	07.11.2023	
2	ഗിരിജ, ആതിര ഭവൻ	2023-24	07.11.2023	

3	ദീപ, വല്ലഭൻകുന്ന്	2023-24	17.11.2023	
4	രാധ, ചരുവിള വീട്	2024-25	29.05.2024	
5	രമാദേവി, പുതുവൽവിള വീട്	2024-25	02.05.2024	

മേൽ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയ അറിയിച്ചിട്ടുണ്ട് (എൻകവയറി നം. 09/തീ.21.10.2025). തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമ സഹായധനം വകമാറ്റി ചെലവഴിച്ച ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാ സ്വീകരിക്കേണ്ടതാണ്.

1-21 ഭവന പുനരുദ്ധാരണം ജനറൽ - വിവിധ അപാകങ്ങൾ

I)

പ്രോജക്ട് നം.	SO061/25
പ്രോജക്ടിന്റെ പേര്	വീട് വാസയോഗ്യമാക്കൽ - ജനറൽ
നിർവഹണം	വി.ഇ.ഒ, സർക്കിൾ - 2
അടങ്കൽ	രൂ.46,00,000/-
ചെലവ്	രൂ.25,50,000/-

ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന ജനറൽ വിഭാഗത്തിൽപ്പെ പുനരുദ്ധാരണത്തിന് 1,00,000/- രൂപ ധനസഹായം നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെ നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവത്സര സബ്സിഡി മാർഗ്ഗരേഖ [സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28.05. സമർപ്പിക്കേണ്ട വരുമാന സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന ഗുണഭോക്താക്കൾ സമർപ്പിച്ചിട്ടില്ല.

ക്രമ നം	പേര്	വിലാസം
1	ദീപ	അശ്വതി, ചെങ്കോട്ടുകട, ഇളമ്പ

2	ഗീതകുമാരി	ഗീതാഭവൻ, മംഗ്ലാവ് മുക്ക്

അപേക്ഷകർ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത നൽകിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിന് സ്വീകരിക്കേണ്ടതാണ്. (എൻകെയറി നം.16/22.05.2025).

2) പതിനാലാം പഞ്ചവത്സര സബ്സിഡി മാർഗ്ഗരേഖ പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വ കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. ശ്രീമതി ലത കെ, കുന്നിൽ വീട് ഗുണഭോക്താവ് സമർപ്പിച്ച അപേക്ഷയോടൊപ്പമുള്ള Building Age Certificate പ്രകാരം ടിയാളുടെ ഭവനത്തിന് 7 വർഷം മാത്രം പഴക്കമാണുള്ളത്. അപേക്ഷക അർഹയാണെന്ന് ഭവന സന്ദർ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത് എന്നാണ് അറിയിച്ചിട്ടുള്ള നം.16/22.05.2025) സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) ശ്രീമതി ദീപ്തി, ദിവ്യ നിവാസ് എന്ന ഗുണഭോക്താവ് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള Ownership C Age Certificate എന്നിവ ഹാജരാക്കിയിട്ടില്ല. പുനരുദ്ധാരണത്തിന്റെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനാണ് തുക അനുവദിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ നിർണയവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ നിർണയിച്ചിട്ടുള്ളത് 2017 ഒന്നാം അർദ്ധവർഷം മുതലാണ്. ആയതിനാൽ അപേക്ഷ സമർപ്പിക്കു ആനുകൂല്യം നൽകിയപ്പോഴും കെട്ടിടത്തിന് 8 വർഷത്തെ കാലപ്പഴക്കം ഇല്ല.

അപേക്ഷക അർഹയാണെന്ന് ഭവന സന്ദർശനം നടത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത നൽകിയത് എന്നാണ് അറിയിച്ചിട്ടുള്ളത്.(എൻകെയറി നം.16/22.05.2025) സർക്കാർ ഉത്തരവ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കേണ

II)

പ്രോജക്ട് നം	SO162/25
പ്രോജക്ടിന്റെ പേര്	വീട് വാസയോഗ്യമാക്കൽ ജനറൽ(സ്പിൽ ഓവർ)
നിർവഹണം	വി.ഇ.ഒ സർക്കിൾ 2
അടങ്കൽ	55,25,000
ചെലവ്	47,93,184

വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്ന ഗ്രാമപഞ്ചായത്തിലെ ജനറൽ വിഭ കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് 1,00,000/- രൂപ ധന സഹായം നൽകുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയട്ടുള്ളതാണ് മേൽ പദ്ധതി(സ്പിൽ ഓവർ). ഗ്രാമപഞ്ചായത്തും ഗുണഭോക്ത ചമച്ച കരാറിൽ ആദ്യ ഗഡു കൈപ്പറ്റി എത്ര കാലയളവിനകം ഭവന പുനരുദ്ധാരണം പൂർത്തീകര വ്യക്തമാക്കിയിട്ടില്ല. മേൽ പ്രോജക്ട് പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്	സാമ്പത്തിക വർഷം	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	കൈപ്പറ്റിയ തുക (രൂ.)
1	സോമലത പണയിൽ വീട്	2023-24	04.03.2024	
2	നിഷാദ്, പണയിൽ വീട്	2023-24	04.03.2024	
3	രാധ, കുര്യാളത്ത് വിള ലീട്	2023-24	25.03.2024	
4	സുശീല, പർണ്ണശാല	2024-25	13.12.2024	

അപാകങ്ങൾക്ക് വി.ഇ.ഒക്ക് നൽകിയ എൻകുയറികൾക്ക് മറുപടിയിൽ ഭവന പ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്. (എൻകുയറി നം.16/22.05.202 വിവരം ലഭ്യമാക്കേണ്ടതാണ്. സഹായധനം വകമാറ്റി ചെലവഴിച്ച ഗുണഭോക്താക്കളിൽ നി തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-22 ന്യൂ ലൈഫ് ഭവന പദ്ധതി - സർക്കാർ വ്യവസ്ഥകൾ പാലിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം

പ്രോജക്ട് നം	S0290/25
പ്രോജക്ടിന്റെ പേര്	ന്യൂലൈഫ് ജനറൽ
നിർവഹണം	വി.ഇ.ഒ സർക്കിൾ II
അടങ്കൽ	രൂ.55,000/- (തനത് ഫണ്ട്)

ചെലവ്	രൂ.55,000/-

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ ജില്ല ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്ര കോളനി നവീകരണം. 2021-22 വർ പ്രോജക്ടിന്റെ സ്റ്റിൽ ഓവറായാണ് മേൽ പ്രോജക്ട് നടപ്പാക്കിയത്. ആകെ 2,00,000/- രൂ നിർമ്മാണത്തിന് ധനസഹായം നൽകുന്നത്. 2024-25 വർഷത്തിൽ ശ്രീ. ഗംഗാധരൻ ആചാരി, അജ് ഒരു ഗുണഭോക്താവിന് മാത്രമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ ചുവടെ ചേർക്കുന്നു

1) ന്യൂ ലൈഫ് മാർഗരേഖ പ്രോജക്ട് മാർഗരേഖ പ്രകാരം വീട് മെയിന്റനൻസിനുള്ള തുകയായ 2 ഗഡുക്കളായി താഴെ പറയും പ്രകാരം ആയിരുന്നു നൽകേണ്ടത്. എന്നാൽ മേൽ പദ്ധതിയിൽ ഗുണ മാർഗരേഖ പ്രകാരമുള്ള നിരക്കിലല്ല തുക നൽകിയിട്ടുള്ളത്

ഘട്ടം	അനുവദിക്കേണ്ട തുക (രൂ.)	അനു തു (ര
എഗ്രിമെന്റ് വെക്കുമ്പോൾ	40,000	
സാധനങ്ങൾ ഇറക്കി പണി തുടങ്ങുമ്പോൾ	60,000	
തുടർപണികൾ ചെയ്യുന്നതിനായി (നൽകിയ തുക ചെലവ് ചെയ്യുന്ന ക്രമത്തിൽ)	80,000	
പണിപൂർത്തീകരണ അവസാനഘട്ടത്തിൽ	20,000	

2) പ്രോജക്ട് മാർഗരേഖ പ്രകാരം മെയിന്റനൻസ് നടത്തുന്നതിന്റെ ഓരോ സ്റ്റേജും വി.ഇ.ഒ ചെയ്യേണ്ടതുണ്ട്. എന്നാൽ വീട് മെയിന്റനൻസ് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ഗുണഭോക്താക്കൾക്കും തുടർ ഗഡുക്കൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

3) ന്യൂ ലൈഫ് മാർഗരേഖ പ്രകാരം രൂപീകരിക്കേണ്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയ പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെയും വാർഡ് മെമ്പർ ചെയർമാനായുള്ള മല തല പ്രോഗ്രാം ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചതിന്റെയും രേഖകളും മിനിറ്റ്സും റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) 06.12.2021 ൽ ഗ്രാമപഞ്ചായത്തും ഗംഗാധരൻ ആചാരി, അജിത ഭവൻ എന്ന ഗുണഭോക്താ കരാറിൽ ആദ്യ ഗഡു കൈപ്പറ്റി എത്ര കാലയളവിനകം ഭവന പുനരുദ്ധാരണം പൂർത്തീകര

വ്യക്തമാക്കിയിട്ടില്ല . 12.01.2022 ൽ ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവിന് 26.03.2025 ലാണ് അ നൽകിയിട്ടുള്ളത്.

5) പദ്ധതിയുടെ ധനസഹായം 40:20:40 എന്ന അനുപാതത്തിലാണ് ഗ്രാമ ബ്ലോക്ക് ജില്ലാ പ വഹിക്കേണ്ടത്. തൻ വർഷം പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നാണ് 55,000/- രൂപ ചെല രജിസ്റ്റിൽ ആദ്യ മൂന്ന് ഗഡുക്കൾ അനുവദിച്ച ഫണ്ട് വ്യക്തമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറിയുടെ(08/21.10.2025) മറുപടിയിൽ സമഗ്ര കോളന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ കരാർ വെച്ച ഗംഗാധരൻ ആചാരി, രോഗാ പണി പൂർത്തീകരിക്കാൻ വൈകിയതെന്നും സ്പിൽ ഓവർ പദ്ധതികളിൽ പൂർത്തിയാകാ പ്രോജക്ടുകൾ പൂർത്തികരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഭരണസമിതി നേ ജനപ്രതിനിധികളുടെ നേതൃത്വത്തിലാണ് ഈ ഭവനം പൂർത്തീകരിച്ചതെന്നും അറിയിച്ചിട്ടു ടിയാൾക്ക് 55,000/- അർഹതപ്പെട്ട സബ്സിഡിയിൽ ശേഷിച്ചിരുന്ന തുക നൽകുന്നതിനാ പ്രകാരമുള്ള അനുപാതം പാലിക്കാൻ കഴിയാതെ പോയതെന്നും അറിയിച്ചിട്ടുണ്ട്. മറ്റ് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതികൾ സർക്കാർ ഉത്തരവ് വ്യവസ്ഥകൾ പാലിച്ച് സമയ ബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 ലൈഫ് ഭവന പദ്ധതി - അധികമായി നൽകിയ 20,000/- രൂപ നിരാകരി

I)

പ്രോജക്ട് നം	SO063/25
പ്രോജക്ടിന്റെ പേര്	ലൈഫ് 20-20 ഭവന നിർമ്മാണ് പട്ടിക ജാതി വിഭാഗം
നിർവഹണം	വി.ഇ.ഒ സർക്കിൾ 1
അടങ്കൽ	രൂ.80,00,000/-
ചെലവ്	രൂ.34,70,000/-

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതനാണ് രൂപീകരിച്ചത്. ലൈഫ് ഭവന പദ്ധതി പ്രകാരം ആകെ 4,00,000/- രൂപയാണ് ധന സഹായം നൽകു സുലോചന എസ്, പുതിവൽവിള വീട്, ഇടയ്ക്കാട് എന്ന ഗുണഭോക്താവിന് പ്രസ്തുത തുകയേക തുക നാളിതുവരെ അനുവദിച്ചിട്ടുണ്ട്.(അക്കൗണ്ട് നം.078001000014743)

വിശദാംശം ചുവടെ ചേർക്കുന്നു.

ഗഡു	തീയതി	തുക
1	13.02.2023	40
2	27.03.2023	50
3	31.01.2024	60
4	12.02.2024	50
5	06.07.2024	1,00
6	07.11.2024	50
7	04.03.2025	20
8	06.03.2025	20
9	04.10.2025(2025-26 വർഷം)	30
ആകെ		**4,20**

ഏഴാമത്തെ ഗഡുവായി വികസന ഫണ്ട് എസ്.സി.പി മുഖനേ അനുവദിച്ച 20,000/- രൂപയുടെ (Order No.607/04.03.2025) ലൈഫ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡ് നം.21/23.10.2025 ന് മറുപടിക്ക് തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. നൽകിയ തുക അടിയന്തരമായി തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

II) ലൈഫ് എസ്.സി ഭവനപദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ

ലൈഫ് ഭവനപദ്ധതി പ്രകാരം 2024-25 വർഷത്തിൽ പൊതുവിഭാഗത്തിലും പട്ടിക ജാതി വിഭാ സ്പിൽ ഓവർ ഉൾപ്പെടെ 8 പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. സ.ഉ.(സാധാ) നം.3218/2018/തസ്വഭ പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം 40,000 (10%), 1,60,000(40 1,00,000(25%) എന്നിങ്ങനെയാണ് അനുവദിച്ചു നൽകേണ്ടത്. കരാർ ചമയ്ക്കുമ്പോൾ അഡ്വാൻസായ ബേസ്മെന്റ് പൂർത്തീകരണത്തിന് ശേഷം 40% തുകയും ലിന്റൽ മട്ടം പൂർത്തീകരിക്കുമ്പോൾ ഭവന നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ബാക്കി 25% തുകയും വീതമാണ് വിതരണം ചെയ്യേണ പ്രോജക്ടുകളിലും മേൽ വ്യവസ്ഥകൾ പാലിക്കാതെ ഗുണഭോക്താക്കൾക്ക് നാലിൽ കൂടുതൽ വ്യത്യസ്ത ഗഡു തുകകളാണ് അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എ 21/23.10.2025 ന് ഫണ്ട് ലഭ്യമാകാത്തതിനാലാണ് ഇപ്രകാരം തുക നൽകുന്നത് എന്നാണ് അ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പദ്ധതി തുക ചെലവഴിക്കേണ്ടതാണ്.

1-24 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - ഗുണ തിരഞ്ഞെടുപ്പിൽ അപാകം

പ്രോജക്ട് നം	SO142/25
പ്രോജക്ടിന്റെ പേര്	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
നിർവഹണം	അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ	രൂ.15,58,863/-(വി.ഫ.എസ്.സി.പി)
ചെലവ്	രൂ.3,00,000/-

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനാണ് മേര വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിലെ വിവിധ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്താവ് - അനിത M/O അരുൺ ആർ.എ, അനിതഭവൻ

A) പദ്ധതി ഗുണഭോക്താവായ അനിത M/O അരുൺ ആർ.എ, അനിതഭവൻ എന്ന ഗുണഭോക്ത ഗഡുവായി 30,000/- രൂപ അനുവദിച്ചിട്ടുള്ളത് 25.03.2025 തീയതിയിലും (2024-25 വർഷം) രണ്ടാം ഗഡ രൂപ അനുവദിച്ചിട്ടുള്ളത് 04.07.2025 തീയതിയിലുമാണ് (2025-26 ലെ ലഭ്യമാക്കിയ രേഖകൾ പ്രക തുക അനുവദിക്കുന്നതിന് മുമ്പായി നിലവിലെ കെട്ടിടത്തിന്റെയും പഠനമുറി നിർമ്മാണ എസ്റ്റിമേറ്റ് ഗുണഭോക്താവ് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും പെർ കാലയളവിൽ അനുവദിച്ചിരുന്നില്ല. എന്നാൽ 25.08.2025 ലെ റഗുലറൈസേഷൻ പെർമിറ്റ് നം. A4 പ്രകാരമാണ് ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രേഖകൾ പ്രകാരമുള്ള വിസ്തീർണത്തേക്ക നിർമ്മാണം നടത്തിയതിനും പഠനമുറി നിർമ്മാണത്തിന്റെയും ക്രമവത്കരണത്തിനു അനുവദിച്ചിട്ടുള്ളത്. തുടർ പരിശോധന നടത്തി വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് മറുപടി അറിയിച്ചിട്ടുണ്ട് (നം.30/25.10.2025) തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

B) പതിനാലാം പഞ്ചവത്സര പദ്ധതി, സബ്സിഡി മാർഗരേഖ, അനുബന്ധ (സ.ഉ(സാധാ)നം.738/2023/LSGD തീ.28.03.2023) എന്നിവ പ്രകാരം നിലവിലുള്ള 800 ചതുരശ്ര അ ച.മീറ്റർ) കൂടാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികമാകാതെയാ

നിർമ്മിക്കേണ്ടത്. എന്നാൽ പദ്ധതി ഗുണഭോക്താവായ അനിത M/O അരുൺ ആർ.എ, അന് ഗുണഭോക്താവ് സമർപ്പിച്ച കെട്ടിട നിർമ്മാണത്തിന്റെ പെർമിറ്റ്/ക്രമവത്കരണ ഉത്തര ബിൽഡിംഗ് പ്ലാൻ പ്രകാരവും നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം 964.45 ചതുരശ്ര ച.മീറ്ററാണ്) നിർമ്മാണം പൂർത്തീകരിച്ച പഠന മുറിക്ക് 174 .36 ചതുരശ്ര അടിയും (432 Cm X375cm = 1 വിസ്തീർണമുണ്ട്. തുടർ പരിശോധന നടത്തി വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻകപ അറിയിച്ചിട്ടുണ്ട് (നം. 30/25.10.2025) തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) ആകെ 46 വിദ്യാർത്ഥികൾ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 10 പേർക്കാണ് 2024-25 വർഷ നൽകിയിട്ടുള്ളത്. സ.ഉ.(കൈ) നം.84/2022/LSGD തീ.19.04.2022 ഖണ്ഡിക 12.3 പ്രകാരം ആനുകൂല്യം ഉദ്ദേശിക്കുന്ന എണ്ണത്തെക്കാൾ കൂടുതലാണ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണമ വാർഡിലെയും അർഹരായ അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി വേണം നൽകേണ്ടതാണെന്നും അംഗീകരിച്ച മുൻഗണനാലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും നൽകിയ ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാൻ പ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര ആവശ്യമാണെന്ന് നിർവഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നുവെങ്കിൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയ ശേഷം മുൻഗണനാക്ര വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ അർഹരായവരെ കൂട്ടിച്ചേർക്കുകയോ ചെയ്യാവു അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട മുൻ പറഞ്ഞ ആനുകൂല്യം നൽകിയിട്ടുള്ളത്. മുൻഗണന ക്രമത്തിൽ മുന്നിലുള്ള വിവിധ ഗുണഭോക്താക്കളെ ഒഴിവാക്കിയ ശേഷം ലിസ്റ്റിൽ
അവസാനം ഉൾപ്പെട്ട വിവിധ വ്യക്തികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. മുൻഗണനാക്രമത്തിലുള്ള ഗുണഭോക്താക്കളെ ഒഴിവാക്കിയതിന്റെ കാരണം ഫയലിൽ സൂക്ഷിക്കുകയോ വിവരം ഗ്രാമസഭയിൽ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല. അർഹത പരിശോ ശേഷമാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് എന്നാണ് ഓഡിറ്റ് എൻകപറിയുടെ അറിയിച്ചിട്ടുള്ളത് (നം.30/25.10.2025). മുൻഗണനാക്രമത്തിലുള്ള ഗുണഭോക്താക്കളെ ഒഴിവ കാരണം വ്യക്തമാക്കി വിവരം ഗ്രാമസഭയിൽ അവതരിപ്പിച്ച് അറിയിക്കേണ്ടതാണ്.

1-25 വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം	SO222/25

പ്രോജക്ടിന്റെ പേര്	പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ)
നിർവഹണം	അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ	24,92,884 (വി.ഫ.എസ്.സി.പി)
ചെലവ്	രൂ.7,00,000/-

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി രണ അനുവദിക്കുന്നതിനാണ് 2023-24 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായി മേൽ പദ്ധതി നടപ്പാ ഗ്രാമപഞ്ചായത്തും ഗുണഭോക്താക്കളുമായി ചമച്ച കരാറിൽ ആദ്യ ഗഡു കൈപ്പറ്റി എത്ര കാ പഠനമുറി നിർമ്മാണം പൂർത്തീകരിക്കണം എന്ന് വ്യക്തമാക്കിയിട്ടില്ല. മേൽ പ്രോജക്ട് പ്രകാര കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ നിളിതുവരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടി ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	കൈ ആ
1	നിതിൻ ശങ്കർ S/O ശങ്കർ ബാബു, ഹരി നിവാസ്	05.01.2024	
2	വിനീഷ് ബി S/O അമ്പിളി, പെരിങ്ങുട്ടുകോണം	19.01.2024	
3	ആരോമൽ S/O ദിവ്യ, പുതുവൽ വിള വീട്	24.01.2024	
4	അനഘ ഷിബു D/O തുഷാര, തുഷാരഭവൻ	17.01.2024	

മേൽ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിച്ചിട്ട അറിയിച്ചിട്ടുള്ളത് (എൻകയറി നം. 39/27.10.2025). തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-26 ഫർണിച്ചർ വാങ്ങൽ - പ്രൊക്യൂർമെന്റ് നടപടികളിൽ അപാകം

I) വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - പ്രൊക്യൂർമെന്റ് നടപടികളിൽ അപാകം

പ്രോജക്ട് നം	SO111/25
പ്രോജക്ടിന്റെ പേര്	വയോജനങ്ങൾക്ക് കട്ടിൽ എസ്.സി.പി
നിർവഹണം	അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ	രൂ.4,39,350/-

ചെലവ്	രൂ.4,36,794/-

അറുപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനാണ് മേൽ പദ്ധ ചെയ്തത്. പദ്ധതി പ്രകാരം ARTCO -ൽ നിന്നും താഴെപ്പറയും പ്രകാരമുള്ള കട്ടിലു ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് നം.തീ	സ്പെസിഫിക്കേഷൻ	നിരക്ക്	എണ്ണം
നം.2024-25TVM 498 തീ.06.03.2025, നം.2024-25TVM 700 തീ.22.03.2025	OLLI-HW COT Length – 1.98 M Width- 90 Cm Front Leg -60 Cm Back Leg-50 Cm Plywood 8mm Thickness	3665+ 18 % GST	101(75+26)

അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) G.O.(Rt)No.30/2024/SPD തീ.07.03.2024 പ്രകാരം ആർട്ടോ നിർമ്മിച്ച തടി, സ്റ്റീൽ ഫർണീച്ചറുകൾ അനുബന്ധം I മുതൽ VII വരെയുള്ള നിരക്കുകൾക്ക് വിധേയമായി ടെൻഡർ കൂടാതെ നേ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത ഇനങ്ങൾ സ്റ്റോർ പർ വ്യവസ്ഥകൾ പാലിച്ച് ടെൻഡർ നടപടി ക്രമങ്ങളിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂവെന്നു വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സ്റ്റോർ പർച്ചേസ് വകുപ്പ് പുറപ്പെടുവിച്ച 02.02.2023 ലെ SPD-A3/55/ സർക്കുലർ പ്രകാരം സ്റ്റോർസ് പർച്ചേസ് വകുപ്പിൽ നിന്നും ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയി ഉല്പന്നങ്ങളും, (സ്ഥാപനം സ്വന്തമായി നിർമ്മിച്ചതാണെങ്കിലും അല്ലെങ്കിലും) സ്റ്റോർസ് പർ നിഷ്കർഷിച്ചിരിക്കുന്ന മത്സര സ്വഭാവത്തിലൂടെയുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾക്ക് മാത്രമായിരിക്കണം പൊതുസംഭരണം നടത്തേണ്ടത് എന്നും ഇപ്രകാരമല്ലാതെ നടത്ത പൊതുസംഭരണങ്ങളും ക്രമവിരുദ്ധമായി കണക്കാക്കി ഉത്തരവാദികളായവർക്കെതി സ്വീകരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ആർട്ടോയിൽ നിന്നും വാ മേൽ ഉത്തരവിൽ ടെണ്ടർ ഇളവ് അനുവദിച്ചിട്ടില്ലാത്തതിനാലും പ്രോജക്ടിൽ 4,36,794/- രൂപ നടത്തിയിട്ടുള്ളതിനാലും (ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ) ടെൻഡർ നടപടികളാണ് സ്വീകരിക്കേ എന്നാൽ ഇപ്രകാരം ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2) ആകെ 196 വ്യക്തികൾ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 101 പേർക്കാണ് 2024-25 ൽ നൽകിയിട്ടുള്ളത്. സ.ഉ.(കൈ) നം.84/2022/LSGD തീ.19.04.2022 ഖണ്ഡിക 12.3 പ്രകാരം പ്രോ ആനുകൂല്യം നൽകുന്നതിന് ഉദ്ദേശിക്കുന്ന എണ്ണത്തെക്കാൾ കൂടുതലാണ് മുൻഗണനാ ലിസ്റ്റിൽ ഉ എണ്ണമെങ്കിൽ ഓരോ വാർഡിലെയും അർഹരായ അപേക്ഷകരുടെ എണ്ണത്തിന് ആനുപാതിക ആനുകൂല്യം നൽകേണ്ടതാണെന്നും അംഗീകരിച്ച മുൻഗണനാലിസ്റ്റിലെ മുഴുവൻ ഗുണഭോ ആനുകൂല്യം നൽകിയ ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാൻ പാ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര ആവശ്യമാണെന്ന് നിർവഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നുവെങ്കിൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയ ശേഷം മുൻഗണനാക്ര വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ അർഹരായവരെ കൂട്ടിച്ചേർക്കുകയോ ചെയ്യാവു അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിൽ ഗുണഭോക്തൃ ലിസ്റ്റിൽ മുൻഗണനയിലു ഗുണഭോക്താക്കളെ ഒഴിവാക്കിയ ശേഷം മറ്റ് വാർഡുകളിലുള്ള ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്താക്കളെ ഒഴിവാക്കിയതിന്റെ കാരണം ഫയലിൽ സൂ വിവരം ഗ്രാമസഭയിൽ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല.

അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് ഓഡിറ്റ് എൻക്വയറിയുടെ അറിയിച്ചിട്ടുണ്ട് (31/25.10.2025). പ്രൊക്യൂർമെന്റ് വ്യവസ്ഥകൾ കർശനമായും പാലിച്ച് വാങ്ങൽ ഗുണഭോക്താക്കളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കി പ്രസ്തുത വിവരങ്ങൾ അവതരിപ്പിച്ച് തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

II) വിവിധ കമ്മ്യൂണിറ്റി ഹാളുകളിൽ മേശയും കസേരയും വാങ്ങൽ - സർക്കാർ ന പാലിച്ചിട്ടില്ല.

പ്രോജക്ട് നം	SO112/25
പ്രോജക്ടിന്റെ പേര്	*വിവിധ കമ്മ്യൂണിറ്റി ഹാളുകളിൽ മേശയും കസേരയും വാങ്ങ*
നിർവഹണം	അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ	രൂ.2,00,000/-
ചെലവ്	രൂ.1,94,243/-

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള മൂന്ന് കമ്മ്യൂണിറ്റി ഹാളുകളിലേയ്ക്ക് ഫർണീച്ചർ വാങ പ്രോജക്ട് രൂപീകരിച്ചത് .പ്രോജ്ക്ട് പ്രകാരം ആകെ 1,94,243/- രൂപയ്ക്ക് ഫർണീച്ചർ വാങ്ങ്

(Rt)No.30/2024/SPD തീ.07.03.2024 പ്രകാരം ആർട്ടോ നിർമ്മിച്ച തടി, സ്റ്റീൽ ഫർണീച്ചറുകൾ അനുബന്ധം I മുതൽ VII വരെയുള്ള നിരക്കുകൾക്ക് വിധേയമായി ടെൻഡർ കൂടാതെ നേ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത ഇനങ്ങൾ സ്റ്റോർ പർ വ്യവസ്ഥകൾ പാലിച്ച് ടെൻഡർ നടപടി ക്രമങ്ങളിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂവെന്നു വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സ്റ്റോർ പർച്ചേസ് വകുപ്പ് പുറപ്പെടുവിച്ച 02.02.2023 ലെ SPD-A3/55/ സർക്കുലർ പ്രകാരം സ്റ്റോർസ് പർച്ചേസ് വകുപ്പിൽ നിന്നും ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയി ഉല്പന്നങ്ങളും, (സ്ഥാപനം സ്വന്തമായി നിർമ്മിച്ചതാണെങ്കിലും അല്ലെങ്കിലും) സ്റ്റോർസ് പർ നിഷ്കർഷിച്ചിരിക്കുന്ന മത്സര സ്വഭാവത്തിലൂടെയുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾക്ക് മാത്രമായിരിക്കണം പൊതുസംഭരണം നടത്തേണ്ടത് എന്നും ഇപ്രകാരമല്ലാതെ നടത പൊതുസംഭരണങ്ങളും ക്രമവിരുദ്ധമായി കണക്കാക്കി ഉത്തരവാദികളായവർക്കെതി സ്വീകരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം ആർട്ടോയിൽ നി താവെപ്പറയുന്ന ഫർച്ചീച്ചർ ഇനത്തിന് മേൽ ഉത്തരവിൽ ടെണ്ടർ ഇളവ് അനുവദിച്ചിട്ടില്ല

ഇൻവോയ്സ് നം	സ്പെസിഫിക്കേഷൻ	നിരക്ക്	എണ്ണം
2024-25TVM 511 തീ.07.03.2025	MDK- Plastic Arm Chair	799+18% GST	172

തദ്ദേശസ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുക നടത്തിയതിനാൽ ടെൻഡർ നടപടികളാണ് സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാ നടപടികൾ സ്വീകരിച്ചിട്ടില്ല.അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അ (32/25.10.2025). പ്രൊക്യൂർമെന്റ് വ്യവസ്ഥകൾ കർശനമായും പാലിച്ച് വാങ്ങൽ നടത്തേണ്ടതും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം വാങ്ങലുകൾ ക്രമവിരുദ്ധമായ ചെലവ് തുക ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

1-27 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (BRC)അവലോകനം

ഗ്രാമപഞ്ചായത്തിലെ വാളക്കാട് എന്ന സ്ഥലത്ത് പഞ്ചായത്ത് ഓഫീസിന് സമീപത്ത റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നത്. പ്രസ്തുത ബി.ആർ.സി 1998 ജൂൺ 5 നാണ് ആരംഭിച്ചിട്ടുള്ളത്. സാമൂഹ്യ ക്ഷേമ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ബി നിലവിൽ (31.03.2025 ലെ കണക്ക് പ്രകാരം)60 അന്തേവാസികളാണുള്ളത്. വിശദാംശം ചുവടെ

ബി.ആർ.സി ലെ കുട്ടികളുടെ എണ്ണം(31.03.2025 ലെ കണക്ക്)	

തീവ്രമായ വൈകല്യം (ഓട്ടിസം/സെറിബ്രൽ പാൾസി) ബാധിച്ച കുട്ടികളുടെ എണ്ണം	9

നിലവിൽ ബി.ആർ.സിയിൽ 1841 ച.അടി വിസ്തീർണമുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കു കെട്ടിടത്തിന് നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. കെട്ടിടത്തിന്റെ അടിസ്ഥാന വിവ ചേർക്കുന്നു.

ബി.ആർ.സി കെട്ടിടത്തിന്റെ അകെ വിസ്തീർണം (സ്കയർ ഫീറ്റ്)	1841 സ്കയ
ചുറ്റുമതിൽ, ഗേറ്റ് സൗകര്യം	ലഭ്യമാണ്
ബി.ആർ.സി കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കാലാവധി	31.03.2025 വ
ബി.ആർ.സി ഉൾപ്പെട്ട ഭൂമിയുടെ ആകെ വിസ്തീർണം	15 സെന്റ്
ആൺകുട്ടികൾക്കും പെൺക്കുട്ടികൾക്കും പ്രത്യേകം ടോയ്ലറ്റ് സൗകര്യം	ലഭ്യമാണ്
പെൺകുട്ടികളുടെ ടോയ്ലറ്റിൽ നാപ്കിൻ ഡിസ്പോസൽ സൗകര്യം	ലഭ്യമല്ല
ടോയ്ലറ്റുകളുടെ എണ്ണം	ആൺകുട്ടി പെൺകുട്ടി

ബി.ആർ.സിയിൽ ഫിസിയോതെറാപ്പിമുറി, ഓഫീസ് മുറി,ഒക്യൂപ്പേഷണൽ തെറാപ്പി & കൗൺ വൊക്കേഷണൽ പരിശീലന മുറി, ഭക്ഷണമുറി, സ്റ്റോർ, അടുക്കള, വിനോദ മുറി/സ്ഥലം എന്നി ഓഡിയോളജി മുറി ലഭ്യമല്ല.

തൻവർഷം രണ്ട് അധ്യാപകരും ഒരു ആയയുമാണ് ബി.ആർസിയിൽ സേവനം ചെയ്തത്. സ്വന്ത ഇല്ലാത്തതിനാൽ വാടകയ്ക്കാണ് വാഹനം ഉപയോഗിക്കുന്നത്. വാഹനം ഉപയോഗിക്കുന്നതിലെ പ്രത്യേകം ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിലെ വരവ് ചെലവ് കണക്ക ചേർക്കുന്നു.

2024-25 വർഷത്തിൽ ബി.ആർ.സിക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം					ചെ
തനത് ഫണ്ട്/ പ്ലാൻ ഫണ്ട്	MLA/MP ഫണ്ട്	കുടുംബശ്രീ മുഖേന	സംഭാവന, മറ്റ് വരവുകൾ	ആകെ വരവ്	ആകെ
22,48,722	0	രൂ.5,000/-	ഇല്ല	രൂ.22,53,722/-	രൂ.22,

ബി.ആർസിയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി മാനേജ് രൂപീകരിച്ച് പ്രദേശവാസികളിൽ നിന്നും സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടികൾ സ അറിയിച്ചിട്ടുണ്ട്.(അവലംബം : എൻകയറി നം. 3/21.10.2025). ബി.ആർ.സി കെട്ടിടത്തിന്

ലഭ്യമാക്കുന്നതിനും സ്ഥാപനത്തിന്റെ നടത്തിപ്പ് കാര്യക്ഷമമായി നടപ്പാക്കുന്നതിനാ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം - വിവിധ അപാക

I) ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ വാഹന വാടക

പ്രോജക്ട് നം	SO110/25	SO158/25(സ്പിൽ ഓവർ)
പ്രോജക്ടിന്റെ പേര്	ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ വാഹന വാടക	ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ വാഹന വാടക
നിർവഹണം	അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി
